# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15 No.12 കാർത്തികപ്പള്ളി R.No. 7361/02 2015 DECEMBER

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


## ദൃശ്യമല്ലാത്ത പശ

ആറ്റങ്ങൾ കൂടിച്ചേർന്നുണ്ടാകുന്ന തന്മാത്രകളെ യോജിപ്പിച്ചു നിർത്തുന്ന രഹസ്യം ശാസ്ത്രത്തിനു മുന്നിൽ തെളിഞ്ഞു.



ആറ്റത്തിനു ചുറ്റും ഇലക്ട്രോണുകൾ തീർത്ത ദൃശ്യമല്ലാത്ത 'പശ'യാണു തന്മാത്രകളെ ബന്ധിപ്പിക്കുന്നത്. ഇതില്ലായിരുന്നെങ്കിൽ പ്രപഞ്ചത്തിന്റെ അവസ്ഥ മറ്റൊന്നാകുമായിരുന്നെന്നാണു ശാസ്ത്രജ്ഞർ പറയുന്നത്. നമ്മുടെ ശരീരത്തെ ഉറപ്പിച്ചുനിർത്തുന്നതും ഇതേ 'പശ' തന്നെ.

'ഫിസിക്കൽ റിവ്യൂ ലെറ്റർ' ജേണലിലൂടെയാണു ശാസ്ത്രജ്ഞർ തന്മാത്രാ ഗവേഷണത്തെക്കുറിച്ചുള്ള വിവരം പുറത്തുവിട്ടത്. കെൽവിൻ പ്രോബ് ഫോഴ്സ് സ്പെക്ട്രോസ് കോപ്പി എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചാണു ശാസ്ത്രജ്ഞർ ആറ്റത്തിന്റെ രഹസ്യങ്ങളിലേക്ക് കടന്നുചെന്നത്. തന്മാത്രകളെകൂട്ടിച്ചേർത്തൊട്ടിച്ച് രൂപഭംഗി വരുത്തി സജീവമാക്കുന്നതിനു പിന്നിലെ സാങ്കേതിക വിദഗ്ധനായ നിർമ്മാതാവിനെ ശാസ്ത്രം ഇനിയും തിരിച്ചറിയാതിരിക്കുന്നത് കഷ്ടം തന്നെ.

# മരണത്തെ തോൽപിക്കാൻ ഗൂഗിൾ "സൂപ്പർഹീറോയ്ക്കായി" റോബോ മേറ്റ്

വാർധക്യത്തെ തടയാൻ ഗൂഗിൾ രംഗത്ത്. ഗൂഗിൾ നിയന്ത്രണത്തിലുള്ള വൈദ്യശാസ്ത്ര സ്ഥാപനമായ കാലികോയാണ് ഇതു സംബന്ധിച്ചുള്ള ഗവേഷണങ്ങൾക്കു നേതൃത്വം നൽകുന്നത്. ആയുർദൈർഘ്യം സംബന്ധിച്ച ഗവേഷണങ്ങൾക്കു സഹകരിക്കാൻ ആൻസെസ്റ്ററി . കോമുമായി കാലികോ ധാരണയിലെത്തി. ദീർഘായുസ്സുള്ളവരുടെ ജനിതകഘടന ലഭ്യമാക്കാനാണു ശ്രമം.

ദീർഘായുസിന്റെ പിന്നിലെ ജനിതക രഹസ്യമാണു ഗൂഗിളിന് അറിയേണ്ടത്. ഇതു കണ്ടെത്തി മികച്ച ജനിതകഘടനയ്ക്കായി മരുന്ന് തയാറാക്കുകയാണു ലക്ഷ്യം. ദീർഘായുസ് ഉള്ളവരുടെ പൂർവികരെക്കുറിച്ചുള്ള വിവരം ആൻസെസ്റ്ററി.കോം നൽകും. ഏകദേശം 4,526 കോടി രൂപയാണു പ്രതിഫലം. ശരീര കോശങ്ങൾ പ്രായമാകുന്നത് തടഞ്ഞു യൗവനം നിലനിർത്താനുള്ള ശ്രമവും ഗവേഷണത്തിന്റെ ഭാഗമാണ്.

മനുഷ്യനെ സൂപ്പർഹീറോയാക്കാനാണു റോബോ മേറ്റ് ടെക്നോളജിയുടെ ശ്രമം. ശരീരത്തിൽ പ്രത്യേക ഉപകരണം ഘടിപ്പിച്ചു മനുഷ്യരുടെ ശക്തി കൂട്ടുകയാണു ലക്ഷ്യം.

കഠിനജോലികൾ ചെയ്യുന്നതുമൂലം ശരീരത്തിനുണ്ടാകുന്ന തകരാറുകൾ ഈ ഉപകരണം ഒഴിവാക്കും. 10 കിലോഗ്രാം ഭാരമുള്ള വസ്തു റോബോമേറ്റ് സഹായത്തോടെ എടുത്താൽ ഒരു കിലോഗ്രാം ഭാരമേ അനുഭവപ്പെടൂ. യൂറോപ്പിലെ 12 ഗവേഷണ സ്ഥാപനങ്ങളുടെ പിന്തുണയോടെയാണു പദ്ധതി നടപ്പാക്കുന്നത്.



## കോടീശ്വരർക്ക് ആഡംബര ദ്വീപുകൾ

ആഡംബര നൗകകൾക്കും കാറുകൾക്കും ഇനി "ഗമ" നഷ്ടമാകും. സ്വകാര്യ ആഡംബര ദ്വീപുകളുടെ കാലമാണു വരുന്നത്. മിഗാലോ എന്ന സ്ഥാപനമാണു കടലിൽക്കൂടി സഞ്ചരിക്കാൻ കഴിയുന്ന ദ്വീപുകൾ ഒരുക്കുന്നത്. ഹെലിപ്പാഡ്, വെള്ളച്ചാട്ടം, നീന്തൽക്കുളം, തീരത്തടുക്കാൻ പ്രത്യേക സംവിധാനം എന്നിവ ചലിക്കും ദ്വീപുകൾക്കുണ്ട്. ഇവിടുത്തെ കെട്ടിടങ്ങൾക്ക് 80 മീറ്റർ വരെ ഉയരമുണ്ടാകും.



പൂന്തോട്ടം, ചെറിയ മരങ്ങൾ എന്നിവയും ദ്വീപുകളിൽ വളർത്തും. "ചലിക്കുന്ന സ്വർഗം" എന്നാണു പദ്ധതികൾക്കു മിഗാലോ നൽകുന്ന വിശേഷണം. ഭാവിയിൽ സമുദ്ര ജീവിതം തരംഗമാകുമെന്നു കമ്പനിയുടെ മാനേജിങ് ഡയറക്ടർ ക്രിസ്ത്യൻ ഗംപോൾഡ് പ്രതീക്ഷിക്കുന്നു.

## ഇനി തലയും മാറ്റാം

ഹൃദയവും വൃക്കകളും പോലെ തലയും മാറ്റിവയ്ക്കുമോ? ഫലം അറിയാൻ 2017വരെ കാത്തിരുന്നാൽ മതി. ചൈനീസ് സർജൻ റെൻ സിയാവോപിങ്ങും ഇറ്റലിക്കാരനായ ഡോ.സെർജിയോ കനവരോയും ചേർന്നാണു ശസ്ത്രക്രിയയ്ക്ക് ഒരുങ്ങുന്നത്. കമ്പ്യൂട്ടർ വിദഗ്ധനായ വലേരി സ്പിരിഡോനോവിനു (30) പുതിയ ശരീരം കണ്ടെത്താനാണ് ഇവരുടെ ശ്രമം. കഴുത്തിനു താഴെ തളർന്ന നിലയിലാണു വലേരിയിപ്പോൾ.

ചൈനയിലെ ഹെയ്‌ലോങ് ജിജിയാങ് ഹർബിൻ മെഡിക്കൽ സർവകലാശാല ആശുപത്രിയിൽ ശസ്ത്രക്രിയ നടത്താനാണു തീരുമാനം. 700 കോടി രൂപയാണു ശസ്ത്രക്രിയയ്ക്കു ചെലവ് പ്രതീക്ഷിക്കുന്നത്. ശസ്ത്രക്രിയ മാത്രം 36 മണിക്കൂർ നീളും.

2013-ൽ ഡോ. റെൻ എലികളിൽ നടത്തിയ തലമാറ്റിവയ്ക്കൽ ശസ്ത്രക്രിയ പൂർണ വിജയമായിരുന്നു. 1,000 എലികളിൽ ഈ ശസ്ത്രക്രിയ വിജയകരമായി നടത്തിയിട്ടുണ്ടെന്നാണ് ഇദ്ദേഹം പറയുന്നത്. തലച്ചോർ മരിച്ചെങ്കിലും കാര്യമായ തകരാർ ഇല്ലാത്ത ശരീരമാണു വലേരിക്കായി തേടുന്നത്. പ്രത്യേകം തയാറാക്കിയ കത്തി ഉപയോഗിച്ചാകും തലകൾ വേർപെടുത്തുക. ഒരേ സമയമാകും ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴുത്തുകൾ മുറിക്കുക. തലച്ചോർ മരിച്ച ശരീരം പുതിയ തലയുമായി ചേർന്നു ജീവനിലേക്കു മാറുമെന്നാണു പ്രതീക്ഷ. ശരീരം സ്വീകരിക്കുന്ന വ്യക്തിയുടെ പഴയ ശരീരത്തെ അപ്പോൾ തന്നെ ഉപേക്ഷിക്കും. പോളി എഥിലിൻ ഗ്ലൈക്കോൾ എന്ന വസ്തു ഉപയോഗിച്ചാണു ശരീരഭാഗങ്ങൾ കൂട്ടിച്ചേർക്കുക. പേശികളും രക്തക്കുഴലുകളും തുന്നിക്കെട്ടും.

നാല് ആഴ്ചയോളം അബോധാവസ്ഥയിൽ കഴിഞ്ഞശേഷമാകും പുതിയ ശരീരം സ്വീകരി



ക്കുന്ന വ്യക്തി സാധാരണ ജീവിതത്തിലേക്കു മടങ്ങുക. ഇതിനിടെ പുതിയ ശരീരത്തെ സ്വീകരിക്കാൻ ശക്തിയേറിയ മരുന്നുകളും നൽകും. തലയും ശരീരവും സജീവമാക്കാൻ നേരിയ തോതിൽ വൈദ്യുതിയും കടത്തിവിടും. ശസ്ത്രക്രിയ വിജയിപ്പിക്കാമെന്ന പ്രതീക്ഷയിലാണു ഡോക്ടർമാരുടെ സംഘം.

## കൃത്രിമ കൈകൾക്കും സ്പർശന ശേഷി

കൃത്രിമ അവയവ നിർമാണ രംഗത്ത് വഴിത്തിരിവ്. കൃത്രിമ കൈകൾക്കു സ്പർശനശേഷി നൽകി അമേരിക്കയുടെ ഡിഫൻസ് അഡ്വാൻസ്ഡ് പ്രോജക്ട് ഏജൻസി(ഡാർപ) ചരിത്രം സൃഷ്ടിച്ചു. 10 വർഷം മുമ്പ് കൈ തളർന്ന നഥാന്(28) ആണ് ഡാർപയുടെ സഹായത്തോടെ ആശ്വാസം ലഭിച്ചത്.

കൈകളിലും തലച്ചോറിലും ഇലക്ട്രോഡുകൾ ഘടിപ്പിച്ചാണ് സ്പർശനശേഷി യാഥാർത്ഥ്യമാക്കിയത്. റൊബോട്ടിക് കരങ്ങൾ വസ്തുക്കളിൽ സ്പർശിക്കുമ്പോൾ അനുഭവപ്പെടുന്ന മർദ്ദം നേരിയ വൈദ്യുതി തരംഗങ്ങളാക്കി മാറ്റുന്നതോടെ കൃത്രിമ അവയവത്തിന്റെ പ്രവർത്തനം തുടങ്ങും. ആറ് സെൻസറുകളാണു സ്പർശനം അറിയാൻ ക്രമീകരിച്ചിരിക്കുന്നത്.



തരംഗങ്ങളെ പിന്നീട് ശരീര കോശങ്ങളിലൂടെ കടത്തിവിടും. തലച്ചോറിൽ കൂട്ടിച്ചേർത്ത സെൻസറുകൾ ഇവ പിടിച്ചെടുത്ത് തലച്ചോറിനു മനസിലാകുന്ന രീതിയിലേക്കു മാറ്റും. സംവേദനം സംബന്ധിച്ചുള്ള ന്യൂറോണുകളെ അനുകരിച്ചാണു സ്പർശനത്തിനു തുല്യമായ അനുഭവം ഉണ്ടാക്കുന്നത്.

കാലുകൾ അടക്കമുള്ള ശരീര ഭാഗങ്ങൾക്കായും ഈ സാങ്കേതികവിദ്യ ഉപയോഗിക്കാമെന്നു ഗവേഷണത്തിനു നേതൃത്വം നൽകിയ ഡാർപ ശാസ്ത്രജ്ഞൻ ഡോ. ജസ്റ്റിൻ സാഞ്ചസ് അറിയിച്ചു. കൃത്രിമ കൈ-കാലുകളിലെ ഓരോ വിരലുകൾക്കും ഇങ്ങനെ സ്പർശനശേഷി ലഭിക്കും. ഭാവിയിൽ ശരീരം തളർന്നവർക്കു റൊബോട്ടുകളുടെ സഹായത്തോടെ ജോലിയെടുക്കാൻ പോലും ഈ സാങ്കേതികവിദ്യ സഹായിക്കുമെന്നു ഡോ.സാഞ്ചസ് അറിയിച്ചു.


വേദാഭിമാനി
വായിക്കുക – പ്രതികരിക്കുക
ടൈറ്റസ് കാർത്തികപ്പള്ളി
കേരള–690516
9847232598
9847990939
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.50 \| മറ്റ് രാജ്യങ്ങൾ – Rs. 2000 | വേദാഭിമാനി, കേരള 690516 |



# ലോകം അവസാനിച്ചു

എന്നെ വിളിക്കാൻ വന്നപ്പോൾതന്നെ പറഞ്ഞതായിരുന്നു ഞാനവിടെ ശരിയാകത്തില്ലെന്ന്. എന്നിട്ടും നിർബന്ധിച്ചപ്പോൾ സമ്മതിച്ചു. പത്തായിരംപേരു കൂടുന്ന ഏകദിന കൺവൻഷനാണ്, വർഷങ്ങളായിട്ടു നല്ലരീതിയിൽ നടക്കുന്ന ഒന്നാണ്. അറിയപ്പെടുന്ന എല്ലാവരുംതന്നെ അവിടെ വചനപ്രഘോഷണം നടത്തിയിട്ടുണ്ട്. അവിടെ ഇതുവരെയും ചെന്നിട്ടില്ലാത്ത പ്രഘോഷകരെതേടി അവരിറങ്ങിയതാണ് എന്നൊക്കെയായിരുന്നു അവരു തന്ന വിശദീകരണങ്ങൾ. അങ്ങനെ സ്റ്റെപ്പിനികളെ തപ്പിയെടുത്ത കൂട്ടത്തിൽ അബദ്ധത്തിൽ ഞാനും പെട്ടു എന്നതാകും ശരി.

നിശ്ചിതദിവസം എട്ടുമണി മുതലുള്ള സമയമായിരുന്നു എനിക്കു തന്നിരുന്നതെങ്കിലും ആറു മണിക്കുതന്നെ ഞാൻ സ്ഥലത്തെത്തുമ്പോൾ ഗാനശുശ്രൂഷ തുടങ്ങിയിരുന്നു. അതുകഴിഞ്ഞപ്പോൾ അന്നു പ്രത്യേകമായി പ്രാർത്ഥനാസഹായം ചോദിച്ചിട്ടുണ്ടായിരുന്നവരുടെ വിഷയങ്ങളൊക്കെ വായിച്ചു. തുടർന്ന് ആമുഖപ്രസംഗം ആയിരുന്നു. അവതരണം കേട്ടിട്ട് അതു നടത്തിയത് സംഘാടകരിലൊരാളായിരിക്കും എന്നു ഞാനൂഹിച്ചു. അദ്ദേഹം തുടങ്ങിയതുതന്നെ ആ ഒരു മാസത്തിനുള്ളിലുണ്ടായ രണ്ടു ഭീകര പ്രകൃതി ദുരന്തങ്ങളെ പരാമർശിച്ചുകൊണ്ടായിരുന്നു. അവസാനത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു എന്ന ഭീഷണിയോടെ, മത്തായി 24; മർക്കോസ് 13; ലൂക്കോസ് 21 അദ്ധ്യായങ്ങളിലെ അവസാനനാളുകളെപ്പറ്റിയുള്ള യേശുവിന്റെ മുന്നറിയിപ്പുകൾ വായിച്ചും, വെളി.16-ാം അദ്ധ്യായത്തിലെ ദുരന്തങ്ങളുടെ വിവരണത്തിലെ ചില ഭാഗങ്ങൾ ആവർത്തിച്ചു വായിച്ചും അവയ്ക്കെല്ലാം വർത്തമാനകാല സംഭവങ്ങളുമായി ഏറെ സമാനതകളുള്ളവയാണെന്നും അന്ത്യത്തിന്റെ ലക്ഷണങ്ങളാണെന്നും ശക്തമായി സ്ഥാപിച്ചു. 2004-ലെ സുനാമി മുതലിങ്ങോട്ട് കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിലുണ്ടായ പ്രകൃതിക്ഷോഭങ്ങളുടെയും, മലേഷ്യൻ വിമാനം കാണാതായതിന്റെയും, ഐ.എസ്. ഭീകരുടെ ക്രൂരതകളുടെയും ചിത്രങ്ങളും നിരത്തി ഒരു പതിനഞ്ചുമിനിറ്റുനേരം ദുരന്താവതരണങ്ങളുടെ പെരുമഴയായിരുന്നു.



യോന പ്രവാചകന്റെ മുന്നറിയിപ്പു ശ്രവിച്ച്, ചാക്കുടുത്തു ചാരത്തിലിരുന്നു പരിഹാരം ചെയ്ത നിനെവെ രാജാവിനെയും ജനത്തെയുംപോലെ ഉപവസിക്കുക, കരുണയ്ക്കുവേണ്ടി കരഞ്ഞപേക്ഷിക്കുക, അവസാനം അടുത്തെത്തിയിരിക്കുന്നു, ദൈവകോപം ശമിപ്പിക്കുക. പ്രഭാഷകൻ തുടർന്നു; മത്തായി 16 -ലെ 'കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിയാൻ എന്തുകൊണ്ടു നിങ്ങൾക്കു കഴിയുന്നില്ല' എന്ന യേശുവിന്റെ ചോദ്യം ഒന്നുകൂടി തീവ്രവേദനയോടെ ഏറ്റുപറഞ്ഞ്, നെഞ്ചുപൊട്ടിയുള്ള വിലാപത്തോടെ ആമുഖപ്രസംഗമവസാനിക്കുമ്പോൾ മണി എട്ടു കഴിഞ്ഞിരുന്നു.

ഈ വിലാപങ്ങൾക്കും ഭീഷണികൾക്കുമിടയിൽ ഓരോ മിനിട്ടുമിടവിട്ട് 'പ്രയ്സ് ദ ലോഡ്' എന്ന അട്ടഹാസം എന്തുദ്ദേശത്തിലായിരുന്നു എന്നറിഞ്ഞുകൂടാ. പ്രത്യേകിച്ചും, ഐ.എസ്.ഭീകരർ, എത്ര നിരപരാധികളെയാണ് നിരത്തിനിർത്തി അതിക്രൂരമായി കഴുത്തറുത്തു കൊന്നത് എന്നു ചോദിച്ചുകഴിഞ്ഞ്, ഒരു മൂന്നാലു പ്രാവശ്യമെങ്കിലും അത്യുച്ചത്തിൽ 'പ്രയ്സ് ദ ലോഡ്' എന്നു പറഞ്ഞപ്പോൾ മുമ്പിലിരുന്ന ജനം മുഴുവൻ അയാളോടൊപ്പം അതേറ്റുപറയുന്നതു കേട്ടപ്പോൾ എന്റെ ഞരമ്പാകെ വലിഞ്ഞുമുറുകി, നിരപരാധികൾ ദാരുണമായി കൊലചെയ്യപ്പെടുന്നതു പറഞ്ഞപ്പോഴാണല്ലോ, കഥയറിയാതെ ആട്ടം കാണുന്ന ഈ ജനം ആർത്തു സ്തുതിപാടിയത് എന്നോർത്തപ്പോൾ വല്ലാത്തൊരു പിരിമുറുക്കം ഉള്ളിൽ. തൊട്ടുപിന്നാലെ സ്റ്റേജിൽ കയറിച്ചെന്ന് ഇവരോടുതന്നെ സംസാരിക്കേണ്ട ഞാൻ, ഉടൻതന്നെ വിട്ടുപോകണമോ, അതോ 'ചാവേറാ'കണമോ എന്ന ശങ്കയിലായി. ജനം 'പ്രധാന പ്രഭാഷകനെ' പ്രതീക്ഷിച്ചു പ്രാർത്ഥനാഗാനം തുടങ്ങിക്കഴിഞ്ഞിരുന്നു.

രണ്ടുമണിക്കൂർ സംസാരിക്കാനുള്ള സന്ദേശം മനസ്സിൽ ചിട്ടപ്പെടുത്തിക്കൊണ്ടായിരുന്നു ഞാൻ ചെന്നത്. ആമുഖ പ്രഭാഷണത്തിൽ പറഞ്ഞതെല്ലാം കേട്ടതോടെ ഉള്ളിൽ ചിട്ടപ്പെടുത്തിയിരുന്നതെല്ലാം തെറ്റി. ലോകാവസാനം കാത്തിരിക്കുന്ന ഈ ജനത്തിന്റെ മുമ്പിൽ ചെന്നുനിന്ന് ചരമഗീതം ഒരെണ്ണമങ്ങു പാടിയാലോ എന്നായിരുന്നു ആദ്യം തോന്നിയത്.

ഞാൻ പ്രസംഗപീഠത്തിലെത്തി ഒരു ഗാനത്തിനു തുടക്കമിട്ടു. എല്ലാവരും പാടിക്കൊണ്ടിരിക്കുമ്പോൾ എങ്ങിനെയൊന്നു തുടങ്ങും എന്നൊരു വെപ്രാളത്തിലായിരുന്നു ഞാൻ. കുനിഞ്ഞിരുന്ന് ആലോചിക്കുമ്പോൾ കണ്ണെത്തിയത് പീഠത്തിന്റെ താഴത്തെ തട്ടിൽ നിവർത്തിയിട്ടിരുന്ന പത്രത്തിന്റെ ചരമവാർത്തപ്പേജിൽ. പാട്ടുകഴിഞ്ഞ് പ്രാർത്ഥനയ്ക്കുശേഷം പത്രമെടുത്തു, തീയതി നോക്കി, രണ്ടാഴ്ച മുമ്പത്തെ ഒരു ചൊവ്വാഴ്ചയിലെ പത്രമായിരുന്നു. എല്ലാവരുടെയും മുമ്പിൽ ഞാനത് നിവർത്തി ഉയർത്തിപ്പിടിച്ചു.

"ഇതു കഴിഞ്ഞതിന്റെ മുമ്പിലത്തെ ചൊവ്വാഴ്ചത്തെ പത്രമാണ്. നിങ്ങളുകാണുന്നത് ചരമവാർത്തകൾ ഫോട്ടോസഹിതമുള്ള പേജാണ്. ഇതിൽ കാണുന്ന ഇത്രയും പേരുടെ ലോകം ആ തിങ്കളാഴ്ച അവസാനിച്ചു. അതുകൊണ്ടാണല്ലോ ചൊവ്വാഴ്ചത്തെ പത്രത്തിൽ അവരുടെ ഫോട്ടോസഹിതം ഈ വാർത്ത വന്നത്. ഇങ്ങനെ ദിനംപ്രതി എത്രയോ പേരുടെ ലോകം അവസാനിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ നമ്മുടെ ഓരോരുത്തരുടെയും ലോകവുമവസാനിക്കും, തീർച്ച. നീണ്ടുനിവർന്നു കിടക്കയിൽ കിടന്നായിരിക്കുമോ, വഴിയെ പോകുമ്പോൾ വണ്ടി തട്ടിയായിരിക്കുമോ... ഭീകരർ കഴുത്തു കണ്ടിച്ചിട്ടായിരിക്കുമോ എന്നൊന്നും നമുക്കു നിശ്ചയമില്ല എന്നുമാത്രം.

ഞാനത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ ആരാണ്ടോ ഇടയ്ക്കിരുന്ന് വളരെ ഉച്ചത്തിൽ 'പ്രയ്സ് ദ ലോഡ്' പറഞ്ഞു, ഒത്തിരിപ്പേരത് ഏറ്റും പറഞ്ഞു. അതുവരെ ഞരമ്പുപിരിഞ്ഞിരുന്ന ആർക്കൊക്കെയോ പിരി അയഞ്ഞുതുടങ്ങി എന്നുറപ്പായിരുന്നു. അതൊന്നും ഒട്ടും ശ്രദ്ധിക്കാതെ ഞാൻ തുടർന്നു:

"കർത്താവിന്റെ കാലം മുതലേ ഉണ്ടായിരുന്നു ലോകാവസാനത്തെപ്പറ്റിയുള്ള ഈ കോലാഹലം. പൗലോസ് ശ്ലീഹാ പോലും ആ ധാരണയിലായിരുന്നു കുറേക്കാലം. അതുകഴിഞ്ഞ് എത്രയോ പ്രാവശ്യം ഓരോ നൂറ്റാണ്ടുകളിൽ ലോകാവസാനം വരുന്നേന്നും പറഞ്ഞ് ഓരോരുത്തരു പരക്കംപാഞ്ഞു, എത്രയോ പേര് അവരുടെ കൂടെപ്പാഞ്ഞു? എന്നിട്ടെന്തായി? ഇന്നും ഈ അണ്ഡകടാഹം നിർബ്ബാധം സൂര്യനു ചുറ്റും മാന്യമായിട്ടു വലം വയ്ക്കുന്നു. അതെത്രകാലത്തേയ്ക്കെന്നു തീരുമാനിക്കുന്നത് ഭൂമിയിലിരുന്ന് അബദ്ധ വിരേചന നടത്തുന്ന ദിവ്യന്മാരല്ല, അതു പിതാവിനുമാത്രമറിയാവുന്ന രഹസ്യമാണെന്നു കർത്താവുതന്നെ പറയുന്നു. തമ്പുരാന്റെ മേശപ്പുറത്ത് നമ്മളൊക്കെ ഭിത്തിയിൽതൂക്കുന്ന 'ഗ്രിഗോറിയൻ കലണ്ടറല്ല ഉള്ളത്. ആ കലണ്ടറിനു തുടക്കമിട്ടത് 1582-ൽ മാത്രമാണ്. ആ പരിഷ്ക്കാരം വരുത്തിയത് ഗ്രിഗറി 13-ാമൻ പാപ്പായാണ്. അതിനു മുമ്പ് യേശുവിനും 45 വർഷങ്ങൾക്കുമുമ്പ് ജൂലിയസ് സീസർ ആവിഷ്ക്കരിച്ച ജൂലിയൻ കലണ്ടറാണുണ്ടായിരുന്നത്. ഭൂരിഭാഗം രാഷ്ട്രങ്ങളും ഗ്രിഗോറിയൻ കലണ്ടർ അംഗീകരിക്കുമ്പോഴും, ലോകത്തെ പല രാജ്യങ്ങളിലും ഇന്നും മറ്റു പലതരത്തിലുള്ള കലണ്ടറുകളാണ് പിന്തുടരുന്നത്. ലോകനിയന്താവായ തമ്പുരാന്റെ മുമ്പിൽ ഗ്രിഗോറിയൻ കലണ്ടർവച്ച് തീയതി നോക്കി ലോകമവസാനിപ്പിക്കാൻ തുനിയുന്നവരെ ഞരമ്പുരോഗികൾ എന്നല്ലാതെ എന്താണു വിളിക്കുക?

പ്രകൃതി ദുരന്തങ്ങൾ എന്നുമുണ്ടായിരുന്നു. പണ്ടൊക്കെ വാർത്താവിനിമയത്തിന്റെ പരിമിതിമൂലം ആരുമാരുമറിഞ്ഞില്ല. ഇന്നാണെങ്കിൽ അറിയാതൊന്നു തുമ്മിയാൽപോലും ഫോട്ടോസഹിതം ചന്ദ്രനിൽവരെ എത്തും. അതുകൊണ്ട് ഒരു പ്രകൃതി ദുരന്തമുണ്ടായിക്കൊണ്ടിരിക്കുമ്പോൾതന്നെ അതിന്റെ സർവ്വ തീവ്രതയോടുംകൂടെ ലോകമെമ്പാടും കൺമുമ്പിൽ കാണും. അതിനെയൊക്കെ പെരുപ്പിച്ചുകാട്ടി 'പുലി വരുന്നേ'ന്നു കാറിയിട്ടെന്താ ഗുണം? ലോകാവസാനത്തെ ഓടിച്ചുവിടാനും തമ്പുരാന്റെ കോപത്തെ ശമിപ്പിക്കാനും, പ്രാർത്ഥനയും, ഉപവാസവും ഒന്നും പോരാ, അവ വേണ്ടെന്നല്ല, പോരെന്നാണു ഞാൻ പറഞ്ഞത്. പിന്നെയെന്തുവേണം എന്ന് വളരെ തീക്ഷ്ണമായും ആത്മാർത്ഥമായും ആമുഖപ്രഭാഷകൻ നമ്മെ ഓർമ്മിപ്പിച്ചു: കാലത്തിന്റെ ചുവരെഴുത്തുകൾ നമ്മൾ വായിച്ചറിയണം. കർത്താവു പറയുന്നതുപോലെ രാവിലത്തെ ചെമ്മാനം അപകടത്തിന്റെയും, അന്തിയിലെ ചെമ്മാനം പ്രശാന്തിയുടെയും സൂചനകളാണ്. ചെമ്മാനം കണ്ടാലുടനെ വിളറിപിടിക്കാനല്ല, അതിന്റെ സൂചനകൾ വായിച്ചറിഞ്ഞു ചെയ്യേണ്ടതു ചെയ്യാനാണു കണ്ണുതുറക്കേണ്ടത്.

മക്കൾ നാനാവഴിക്കു പോകുന്നെങ്കിൽ വഴിമാറ്റിക്കൊണ്ടു പോകുന്നവരെ പഴിച്ചിട്ടു കാര്യമില്ല. പഠനത്തിനും, പണത്തിനും മുൻഗണന നല്കി മക്കളെ വളർത്തുമ്പോൾ അവരുടെ മുമ്പിൽ വഴികളേതായാലും തെറ്റില്ല എന്നുവരും. പ്രകൃതിയെ അളവിലധികം ചൂഷണം ചെയ്താൽ പ്രകൃതിദുരന്തങ്ങൾ തുടർക്കഥയാകും. ക്രൈസ്തവർ പീഡിപ്പിക്കപ്പെടുമ്പോൾ ഐ.എസിനെയും ആർ.എസ്.എസ്സിനെയും പ്രതിസ്ഥാനത്തു നിർത്തിയാൽ പോരാ. സ്വന്തം മനസ്സാക്ഷിയുടെ കോടതിയിൽ വിശ്വാസികൾ ഒറ്റയ്ക്കൊറ്റയ്ക്കും സഭ കൂട്ടായും സ്വയം പ്രതിസ്ഥാനത്തുനിർത്തി ഒരു വിചാരണ നടത്തണം, ഉറകെട്ടുപോയതുകൊണ്ടല്ലെ വലിച്ചെറിയപ്പെടുന്നതും ചവിട്ടി മെതിക്കപ്പെടുന്നതുമെന്ന് കണ്ടെത്തണം. മതനേതൃത്വത്തിന്റെ ജീർണ്ണത എങ്ങനെ മറച്ചു വയ്ക്കുവാൻ കഴിയും. നന്മ പിൻതുടരാതെ അധഃർമ്മവും അനീതിയും പ്രവർത്തിച്ചിട്ട് അന്യഭാഷ പറഞ്ഞ് ആർപ്പിട്ടിട്ട് എന്തു കാര്യം. വിളക്കിൽ എണ്ണയില്ലാത്ത, ആത്മാവിന്റെ ഫലങ്ങളില്ലാത്ത ജനത്തിന്റെ ആർത്തിയും ആസക്തിയും വർദ്ധിച്ചതു കൊണ്ടല്ലെ സഭ ജീർണിക്കുന്നതെന്ന സത്യത്തിലേക്കു കണ്ണുതുറക്കണം.

പറഞ്ഞു തുടങ്ങിയപ്പോൾ ഇടയ്ക്കിടയ്ക്ക് അവിടവിടെയായി 'പ്രയ്സ് ദ ലോഡ്' കേട്ടെങ്കിലും ഞാൻ ഒച്ചപ്പാടില്ലാതെ പറഞ്ഞുനീങ്ങിയപ്പോൾ എല്ലാം ശാന്തമായിരുന്നു. സാവകാശം എന്റെയും സമനില വീണ്ടെടുത്ത് ഒരുങ്ങിവന്ന രണ്ടുമണിക്കൂർ പാപത്തെക്കുറിച്ച് ബോധം വരുത്തി വിശുദ്ധ ജീവിതത്തിന് ആഹ്വാനം ചെയ്തപ്പോൾ അത് ഏറ്റെടുക്കാനും പ്രയ്സ് ദ ലോഡ് പറയാനും അധികം ആരുമുണ്ടായിരുന്നില്ല.



# ബാലവേദി



## ലിഡിയ ലോകവിസ്മയം

ബുദ്ധിമാനത്തിന്റെ തോതിൽ ലോകപ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റൈനെയും പ്രഫസർ സ്റ്റീഫൻ ഹോക്കിങ്ങിനെയും പിന്തള്ളിയിരിക്കുന്നു കൊച്ചിക്കാരി ലിഡിയ സെബാസ്റ്റ്യൻ എന്ന പന്ത്രണ്ടുകാരി. ഏറ്റവും ഉയർന്ന ബുദ്ധിനിലവാരം പുലർത്തുന്നവരെ കണ്ടെത്തുന്ന ബ്രിട്ടണിലെ വിഖ്യാതമായ മെൻസ ഐക്യു ടെസ്റ്റിൽ സാധ്യമായതിൽ ഏറ്റവും വലിയ സ്കോർ നേടിയാണ് ലിഡിയ ലോകവിസ്മയമായിരിക്കുന്നത്.

ലോകം കണ്ട മഹാബുദ്ധിമാന്മാരെന്നറിയപ്പെടുന്ന ഐൻസ്റ്റൈന്റെയും ഹോക്കിംഗിന്റെയും ഐക്യു (ഇന്റലിജൻസ് കോഷ്യന്റ് അഥവാ ബുദ്ധിശക്തിയുടെ തോത്) 160 എന്നാണ് കണക്കാക്കപ്പെടുന്നത്. ഈ മഹാപ്രതിഭകളുടെ ഐക്യുവിനും മുകളിൽ 162 സ്കോർ നേടിയാണ് ബ്രിട്ടനിൽ ജനിച്ച് മലയാളം പഠിച്ച മിടുമിടുക്കി ശാസ്ത്ര ലോകത്തെ വിസ്മയമായി മാറിയിരിക്കുന്നത്.

ലോകത്തെ ഏറ്റവും പഴക്കം ചെന്ന ഇന്റലിജൻസ് സൊസൈറ്റിയായ മെൻസ നടത്തുന്ന പരീക്ഷയുടെ ആകെ ഫലത്തിൽ ആദ്യ രണ്ടു ശതമാനത്തിൽ വരുന്നവർക്കു മാത്രമാണ് അംഗത്വം ലഭിക്കുക. 100 ആണ് പരീക്ഷയുടെ ശരാശരി സ്കോർ. 132ലധികം സ്കോർ ലഭിക്കുന്നവർക്കു പ്രവേശനം ലഭിക്കും. ടെസ്റ്റിലെ സാധ്യമായ ഏറ്റവും ഉയർന്ന സ്കോറായ 162 മാർക്കാണ് ലിഡിയ നേടിയത്.

പന്ത്രണ്ട് വയസ് പ്രായമുള്ള കുട്ടികൾ കേട്ടിട്ടു പോലുമുണ്ടാവില്ല മെൻസ ഐക്യു ടെസ്റ്റിനെപ്പറ്റി. പതിനെട്ടു വയസിൽ താഴെയുള്ളവർക്ക് നേടാനാവുന്ന പരമാവധി സ്കോറായ 162ൽ 162ഉം നേടിയാണു ലണ്ടനിലെ കോൾചെസ്റ്റർ ഗ്രാമർ സ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ ലിഡിയ സെബാസ്റ്റ്യൻ റിക്കാർഡ് കുറിച്ചത്.

ലോകത്തിലെ ഏറ്റവും ബുദ്ധിശാലികളായ ഒരു ശതമാനം ഉൾപ്പെടുന്ന ഗണത്തിലാണ് മെൻസ പരീക്ഷാവിജയത്തിലൂടെ ലിഡിയയും ഉൾപ്പെട്ടിരിക്കുന്നത്. കൊച്ചി എളമക്കര പൊറ്റക്കുഴി തെക്കുംപുറത്ത് ഡോ.അരുൺ സെബാസ്റ്റ്യൻ, എറീക്ക കൊട്ടിയത്ത് ദമ്പതികളുടെ ഏകമകളാണ് ലിഡിയ സെബാസ്റ്റ്യൻ. ബ്രിട്ടനിലെ ഈസ്റ്റ് ആംഗ്ലിക്കാ ലാഗ്ഹാമിൽ താമസം. കോൾചെസ്റ്റർ ജനറൽ ആശുപത്രിയിലെ റേഡിയോളജിസ്റ്റാണ് 43 കാരനായ ഡോ. അരുൺ. എറീക്ക ബാർക്ലേയ് ബാങ്കിൽ അസോസിയേറ്റ് ഡയറക്ടറാണ്.

ഇംഗ്ലീഷ് ചുവയുള്ള മലയാളത്തിൽ ലിഡിയ പറഞ്ഞു, 'കേരളം എന്റെ നാടാണ്. എല്ലാ വർഷവും മുടങ്ങാതെ കേരളത്തിൽ വരും. ഇക്കൊല്ലവും വരവ് മുടക്കില്ല. നാട്ടിലെ വീട് കാണുന്നത് വലിയ സന്തോഷമല്ലേ.'

ആരായിത്തീരാനാണ് മോഹമെന്ന ചോദ്യത്തിന് ലിഡിയയ്ക്ക് ഉത്തരം ഇത്രമാത്രം, 'നന്നായി പഠിക്കണം. കണക്കും സയൻസും ഏറെ ഇഷ്ടമാണ്. അതങ്ങനെ പഠിച്ചു പഠിച്ചുപോകണം. കർണാടിക് സംഗീതവും വയലിനും ഉപേക്ഷിക്കാൻ പറ്റില്ല. വെറുതെ കളയാൻ ഒട്ടും സമയമില്ല. ഒത്തിരി വായിക്കണം. വായിച്ച വായിച്ചു പോകുമ്പോൾ ഒത്തിരി അറിവുണ്ടാകും. നല്ല പുസ്തകം വായിക്കാൻ കിട്ടുന്നതാണ് ഏറ്റവും സന്തോഷം.

## മെൻസ ജീനിയസ്






പ്രായപൂർത്തിയായ ഒരാൾക്കു മെൻസ നൽകുന്ന ശരാശരി ഐക്യു സ്കോർ 100 ആണ്. ഒരാൾക്കു 140 സ്കോർ നേടാനായാൽ അദ്ദേഹം ജീനിയസ് വിഭാഗത്തിലാണ് ഉൾപ്പെടുക. നിലവിൽ ഒരുലക്ഷത്തിപ്പതിനായിരം അംഗങ്ങളാണു മെൻസയുടെ പട്ടികയിലുള്ള ബുദ്ധിമാന്മാർ. ഇതിൽ 16 വയസ്സിൽ താഴെയുള്ളവർ വെറും എട്ടു ശതമാനം മാത്രം. സ്ത്രീകളാകട്ടെ 35 ശതമാനവും. അസാമാന്യ ഓർമശക്തി, അതേ പ്രായത്തിലുള്ളവരെക്കാൾ വളരെ ഉയർന്ന പഠന നിലവാരം, ഏതെങ്കിലും വിഷയത്തിന്റെ അതിസൂക്ഷ്മമായ ഘടകങ്ങളെക്കുറിച്ചുപോലുമുള്ള ജ്ഞാനം, ബൗദ്ധികമായി ഉന്നതിയിലുള്ളവരുമായി സഹവർത്തിത്വം തുടങ്ങിയ ഘടകങ്ങളാണ് കുട്ടികളുടെ ഐക്യു പരിശോധനയ്ക്കായി മെൻസ കണക്കാക്കുന്ന മാനദണ്ഡങ്ങൾ.

മെൻസയിൽ മൊത്തം ഫലത്തിൽ ആദ്യ രണ്ട് ശതമാനത്തിൽ വരുന്നവർക്ക് മാത്രമാണ് അംഗത്വം ലഭിക്കുക. ലോകപ്രശസ്തരായ പണ്ഡിതന്മാർ തയാറാക്കുന്ന അതിസങ്കീർണമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകി 98 ശതമാനത്തിനു മുകളിൽ മാർക്ക് നേടുന്നവർക്കാണ് മെൻസയിൽ അംഗത്വം ലഭിക്കുക. പത്തര വയസിനു മുകളിൽ പ്രായമുള്ളവർക്കു മാത്രമേ പരീക്ഷയിൽ പങ്കെടുക്കാൻ അനുമതി ലഭിക്കുകയുള്ളൂ. രണ്ടു മണിക്കൂർ ദൈർഘ്യമുള്ള രണ്ടു പരീക്ഷകളിൽ നിന്നാണ് അതിബുദ്ധിശാലികളെ തെരഞ്ഞെടുക്കുന്നത്.

അതിബുദ്ധിശാലികളുടെ വൈദഗ്ധ്യം സമൂഹത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കുക എന്നതാണ് മെൻസയുടെ പ്രവർത്തന ലക്ഷ്യം. അംഗത്വം നേടിയ ബുദ്ധിശാലികൾക്ക് പരസ്പരം ആശയ വിനിമയത്തിന് അവസരമൊരുക്കി വലിയ നേട്ടങ്ങൾക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നതാണ് മെൻസയുടെ രീതി. ഇവരുടെ സംവാദങ്ങളിലും ചർച്ചകളിലും ഉരുത്തിരിയുന്ന വലിയ ആശയങ്ങൾ ലോകത്തിന്റെ നന്മയ്ക്കായി വിനിയോഗിക്കാൻ മെൻസ വേദിയൊരുക്കും. ഉയർന്ന ഐക്യു ഉള്ളവരുടെ സംഘടനയായ മെൻസയുടെ നേതൃത്വത്തിൽ തയാറാക്കിയ കാറ്റൽ 3ബി ചോദ്യപേപ്പറാണു പരീക്ഷയ്ക്ക് ഉപയോഗിക്കുക. 150 ചോദ്യങ്ങളാണ് ഇതിൽ അടങ്ങിയിട്ടുള്ളത്.

## വഴിതടഞ്ഞ കുരങ്ങന്മാർ



സ്വാമി വിവേകാനന്ദനെക്കുറിച്ച് കേട്ടിട്ടില്ലേ? അദ്ദേഹം ഒരിക്കൽ വാരണാസിക്കടുത്തുള്ള സാരാനാഥിൽ എത്തിയതായിരുന്നു. അവിടുത്തെ ക്ഷേത്രത്തിൽ ദർശനത്തിനുശേഷം മടങ്ങുമ്പോൾ കുറേ കുരങ്ങന്മാർ അദ്ദേഹത്തിനു നേരേ ചാടി വീണു. തന്നെ ആക്രമിച്ച് കൈയിലുള്ള സാധനങ്ങൾ തട്ടിയെടുക്കുകയാണ് അവയുടെ ലക്ഷ്യം എന്ന് അദ്ദേഹത്തിന് മനസ്സിലായി. വഴിതടഞ്ഞ് നിൽക്കുന്ന കുരങ്ങന്മാരെക്കണ്ട് എന്തു ചെയ്യണമെന്നറിയാതെ അദ്ദേഹം ഒരു നിമിഷം പകച്ചു. തിരിഞ്ഞോടിയാലോ എന്നു കരുതി നോക്കിയപ്പോഴതാ പിന്നിലും കുരങ്ങന്മാർ. ഏതു നിമിഷവും ആക്രമിക്കും എന്ന മട്ടിലാണ് കുരങ്ങന്മാരുടെ നിൽപ്പ്.

പെട്ടെന്ന് അദ്ദേഹത്തിന്റെ ഉള്ളിലിരുന്ന് ആരോ ഇങ്ങനെ മന്ത്രിക്കുന്നതുപോലെ തോന്നി: 'ഒരു ഭീരുവിനെപ്പോലെ തിരിഞ്ഞോടാതെ ധൈര്യമായി അവയെ നേരിടൂ!'

അദ്ദേഹം കുരങ്ങന്മാരെ നോക്കി സധൈര്യം ശാന്തമായി നില കൊണ്ടു. ഒരു കൂസലുമില്ലാതെയുള്ള സ്വാമിയുടെ നിൽപ്പ് കണ്ട് കുരങ്ങന്മാർ പേടിച്ച് പിന്തിരിഞ്ഞ് ഓടിപ്പോയി.

കാലങ്ങൾക്കുശേഷം ലോകപര്യടനത്തിനിറങ്ങിയ സ്വാമി വിവേകാനന്ദൻ അമേരിക്കയിലെ ന്യൂയോർക്കിൽ നടത്തിയ ഒരു പ്രസംഗത്തിൽ ഈ കഥ പരാമർശിക്കുകയുണ്ടായി:

"എന്റെ ജീവിതത്തിലെ ഏറ്റവും വലിയൊരു പാഠമായിരുന്നു ആ സംഭവം. നമ്മുടെ മുന്നിലുള്ള ഒരു പ്രശ്നത്തിൽ നിന്നും ഓടി ഒളിക്കാതെ അതിനെ ധൈര്യപൂർവം നേരിടുമ്പോഴാണ് നമുക്ക് ആ പ്രശ്നത്തിൽനിന്നും രക്ഷനേടാൻ കഴിയുന്നത്. അതിനെ പേടിച്ച് പിന്തിരിഞ്ഞ് ഓടിയാലോ? ആ പ്രശ്നം നമ്മെ എന്നും പിന്തുടർന്നുകൊണ്ടേയിരിക്കും!"

**USE IT RIGHT**

### He tried to read the book upside down!

മുകളിൽ പറഞ്ഞിരിക്കുന്ന വാകൃത്തിന്റെ അർഥം പിടികിട്ടിയോ? അവൻ പുസ്തകം തലതിരിച്ചു പിടിച്ചു വായിക്കാൻ ശ്രമിച്ചു. Upside down എന്നു പറഞ്ഞാൽ തലതിരിച്ച് എന്നാണ് അർഥം. അതായത് എന്തെങ്കിലും ഒരു വസ്തുവിനെ തലകീഴായി വയ്ക്കുന്നതിന് upside down എന്ന് പറയാം.

ഇനി വേറൊരു വാചകം കേട്ടോളൂ.

He wore the shirt inside out!

അവൻ ഉടുപ്പ് അകം പുറമാക്കി ധരിച്ചു എന്നാണ് ഇതിനർഥം. ഉൾവശം പുറത്തും പുറംവശം അകത്തും വരുന്നതിന് പറയുന്നതാണ് inside out.



# വ്യസനപുത്രന്മാർ

ടി.എം.വർഗ്ഗീസ് ഓതറ



## കഴിഞ്ഞലക്കം തുടർച്ച 5

ദൈവം മാനിച്ച അനേകം ഭക്തന്മാരിൽ ചിലരുടെ പേരുകൾ ചൂണ്ടിക്കാണിച്ചുവല്ലോ? എന്നാൽ ദൈവം മാനിച്ച ഒരു വ്യക്തിയെ എടുത്തു പറയുവാനാഗ്രഹിക്കുന്നു. അത് ദൈവപ്രമാണത്തെ മുറുകെ പിടിച്ച മോർദ്ദെഖായി എന്ന ഭക്തനാണ്. മോർദ്ദെഖായി എന്ന ഭക്തൻ ഹാമാന്റെ മുമ്പിൽ കുമ്പിട്ടു വണങ്ങാതിരുന്നതിനാൽ കോപിഷ്ഠനായ ഹാമാൻ മോർദ്ദെഖായിയുടെ കുലത്തെ മുഴുവനും കൊന്നു മുടിക്കുവാൻ ഉപായം പ്രയോഗിച്ച് രാജരേഖ എഴുതി രാജമോതിരം കൊണ്ട് മുദ്രയിട്ട് ദേശത്തെല്ലാം പ്രസിദ്ധപ്പെടുത്തി. ദൈവഭക്തനായ മോർദ്ദെഖായിയും എസ്ഥേറും ശൂശനിൽ ഉള്ള എല്ലാ യെഹൂദന്മാരും ദൈവത്തോട് കരുണയ്ക്കായി ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. ദൈവപ്രമാണം മുറുകെ പിടിച്ച തന്റെ ഭക്തനായ മോർദ്ദെഖായിയെ മാനിക്കുവാൻ ദൈവം രാജാവിന്റെ ഹൃദയത്തിൽ പ്രവർത്തിച്ചു. രാജാവ് ഹാമാനോടു: രാജാവു ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷന് എന്തെല്ലാമാകുന്നു ചെയ്തുകൊടുക്കേണ്ടത് എന്ന് ചോദിച്ചു. ഹാമാനെയല്ലാതെ ബഹുമാനിപ്പാൻ വേറെ ആരുള്ളു എന്ന് ചിന്തിച്ചിട്ട് ഹാമാൻ രാജാവിനോടു: രാജാവു ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷനു വേണ്ടി രാജാവു ധരിച്ചുവരുന്ന രാജവസ്ത്രവും, രാജാവു കയറുന്ന കുതിരയും, അവന്റെ തലയിൽ രാജകിരീടവും കൊണ്ടുവന്ന് അവനെ ധരിപ്പിച്ച് കുതിരപ്പുറത്തു കയറ്റി പട്ടണവീഥിയിൽ കൊണ്ടുനടന്ന് രാജാവ് ബഹുമാനിപ്പാൻ ഇച്ഛിക്കുന്ന പുരുഷനു ഇങ്ങിനെ ചെയ്യും എന്ന് അവന്റെ മുമ്പിൽ വിളിച്ചു പറയേണം എന്നു പറഞ്ഞു. ഹാമാൻ പറഞ്ഞത് രാജാവിനു ഇഷ്ടപ്പെട്ടിട്ട് ഹാമാനോട്: നീ വേഗം ചെന്ന് നീ പറഞ്ഞതുപോലെ കൊണ്ടുവന്ന് രാജാവിന്റെ വാതിൽക്കൽ ഇരിക്കുന്ന യെഹൂദനായ മൊർദ്ദെഖായിക്കു അങ്ങനെയൊക്കെയും ചെയ്ക; നീ പറഞ്ഞതിൽ ഒന്നും കുറച്ചുകളയരുത് എന്നു കല്പിച്ചു. രാജാവു കല്പിച്ച പ്രകാരം ഹാമാൻ മോർദ്ദെഖായിക്കു ചെയ്തു. ഹാമാന്റെ അന്ത്യത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത്: മോർദ്ദെഖായിക്കു വേണ്ടി ഹാമാൻ ഉണ്ടാക്കിയ കഴുമരത്തിൽ ഹാമാനെ മാത്രമല്ല അവന്റെ പത്തു പുത്രന്മാരെയും തൂക്കിക്കൊന്നത് മോർദ്ദെഖായി കണ്ടു എന്നാണ്.. തിരുവചനം പറയുന്നു: നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല (യെശ.54:17). എന്നാൽ ദൈവം മാനിച്ച മോർദ്ദെഖായിയെപ്പറ്റി പറഞ്ഞിരിക്കുന്നത്: യെഹൂദനായ മോർദ്ദെഖായി അഹശ്വേരോശ് രാജാവിന്റെ രണ്ടാമനും യെഹൂദന്മാരിൽവെച്ച് മഹാനും സഹോദരസംഘത്തിനു ഇഷ്ടനും സ്വജനത്തിനു ഗുണകാംക്ഷിയും തന്റെ സർവ്വവംശത്തിനും അനുകൂലവാദിയും ആയിരുന്നു എന്നാണ് (എസ്ഥേർ 10:3). ദൈവപ്രമാണം മുറുകെ പിടിച്ച മോർദ്ദെഖായിയെ ശത്രുക്കളുടെ മുമ്പിലും സ്വജനത്തിന്റെ മുമ്പിലും ദൈവം മാനിച്ചു.

### അനുഗ്രഹം

സകല മനുഷ്യരും എല്ലാ നിലയിലും അനുഗ്രഹിക്കപ്പെടേണമെന്നാണല്ലോ ആഗ്രഹിക്കുന്നത്. എന്നാൽ ദൈവാനുഗ്രഹത്തിനായി മനുഷ്യർ സൃഷ്ടാവായ ജീവനുള്ള ദൈവത്തിൽ ആശ്രയിക്കാതെ മനുഷ്യരിലും ഊമവിഗ്രഹങ്ങളിലും ആശ്രയിക്കുന്നു. ദൈവാനുഗ്രഹത്തിനായി മനുഷ്യർ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നു, പുണ്യവാളന്മാരോടു പ്രാർത്ഥിക്കുന്നു, അവരുടെ മുമ്പിൽ വണങ്ങുന്നു, നേർച്ചകാഴ്ചകൾ അർപ്പിക്കുന്നു, ഇങ്ങനെ അനുഗ്രഹം പ്രാപിപ്പാനായി മനുഷ്യർ സകല പ്രയത്നവും കഴിക്കുന്നു. യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി ഹൃദയംകൊണ്ട് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ (യിരെ.17:5). 'യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ അനുഗ്രഹിക്കപ്പെട്ടവൻ' (യിരെ.17:7).

മനുഷ്യസൃഷ്ടിപ്പിൽത്തന്നെ ദൈവം മനുഷ്യരെ അനുഗ്രഹിച്ചു എന്ന് വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്നു (ഉല്പ.1:28). ദൈവത്തിന്റെ അനുഗ്രഹസമൃദ്ധിയാൽ മനുഷ്യർ ഏദനിൽ എത്രനാൾ വാണു എന്നറിഞ്ഞുകൂടാ. ദൈവവുമായുള്ള കൂട്ടായ്മയിലും ദൈവാനുഗ്രഹത്താലും സന്തുഷ്ടരായി ജീവിച്ചുവന്ന മനുഷ്യരെ ദൈവീക കൂട്ടായ്മയിൽനിന്നും ദൈവാനുഗ്രഹങ്ങളിൽനിന്നും അകറ്റുവാൻ തക്കതായ ഉപായം പ്രയോഗിക്കുവാൻ സാത്താൻ തക്ക തരം നോക്കിക്കൊണ്ടിരുന്നു. തോട്ടത്തിൽ സാത്താനു നുഴഞ്ഞു കയറുവാനുള്ള അവസരം ലഭിച്ചു. സാത്താൻ തന്റെ തന്ത്രം സ്ത്രീയിൽ പ്രയോഗിച്ചു; അവൾ വഞ്ചിക്കപ്പെടുകയും ചെയ്തു. അങ്ങിനെ മനുഷ്യർ ദൈവാനുഗ്രഹങ്ങൾ നഷ്ടപ്പെട്ടവരായി ഏദനിൽനിന്നും പുറത്താക്കപ്പെട്ടു (ഉല്പ.3:23–24).

കർത്താവായ യേശു പറഞ്ഞു: മോഷ്ടിപ്പാനും അറുപ്പനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; എന്നാൽ ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത് (യോഹ.10:10). ഒന്നാം മനുഷ്യനായ ആദമിലൂടെ നഷ്ടപ്പെട്ട ദൈവാനുഗ്രഹങ്ങൾ ഒടുക്കത്തെ ആദാമാകുന്ന ക്രിസ്തുവിലൂടെ പ്രാപിപ്പാനായി ദൈവം തന്റെ പുത്രനെ ഈ ലോകത്തിൽ അയച്ചു. തിരുവചനം പറയുന്നു: സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏൽപ്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്കു നൽകാതിരിക്കുമോ (റോമ.8:32). സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും ക്രിസ്തുവിലൂടെ ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കയാണ് (എഫെ.1:3). ക്രിസ്തുയേശുവിലൂടെ ലഭ്യമാകുന്ന അനുഗ്രഹങ്ങൾക്കായി ഒരു കർമ്മപ്രവർത്തിയും ചെയ്യേണ്ടതില്ല, പിന്നെയോ യേശുവിലുള്ള വിശ്വാസമാണ് അതിന് ആധാരമായിരിക്കുന്നത് (തുടരും).

---

# എന്റെ യേശു



അന്നാണു ഹെവൻലി ജോയി എന്നൊരു അഞ്ചുവയസുകാരി അമേരിക്കയിലെ സംഗീതാസ്വാദകരുടെ എന്നപോലെ ദൈവവിശ്വാസികളുടെയും സ്നേഹവും ആദരവും പിടിച്ചുപറ്റിയത്. അമേരിക്ക ഹാസ് ഗോട്ട് ടാലന്റ് എന്ന റിയാലിറ്റി ഷോയിൽ പങ്കെടുക്കുകയായിരുന്നു ഓമനത്വം തുളുമ്പുന്ന മുഖമുള്ള ഈ കൊച്ചുസുന്ദരി.

ഹെവൻലി ജോയി സ്റ്റേജിലെത്തിയപ്പോൾ അവളോട് ആദ്യം സംസാരിച്ചതു ജഡ്ജിമാരുടെ പാനലിലെ അംഗമായ ഹോവർഡ് സ്റ്റേൺ ആയിരുന്നു. അവളുടെ വയസും മറ്റു വിവരങ്ങളും തിരക്കിയതിന്റെ കൂടെ സ്റ്റേൺ ചോദിച്ചു: ഈ മത്സരത്തിലെ സമ്മാനത്തുകയായ പത്തു ലക്ഷം ഡോളർ ലഭിച്ചാൽ ആ തുക കൊണ്ട് എന്തുചെയ്യും? ഉടനെ ഹെവൻലി ജോയി പറഞ്ഞു: എനിക്കു പത്തുലക്ഷം ഡോളർ ലഭിച്ചാൽ ലോകത്തിലുള്ള പാവങ്ങൾക്കു ഞാൻ അതു കൊടുക്കും. എത്രയോ ആളുകളാണു ലോകമെമ്പാടും നല്ല വസ്ത്രം ധരിക്കാനില്ലാതെ കഴിയുന്നത്.

അഞ്ചുവയസുകാരി ഹെവൻലി ജോയിയുടെ ഈ മറുപടി അത്ഭുതാദരവുകളോടുകൂടിയാണു പാനൽ ജഡ്ജിമാരും സദസിലെ കലാപ്രേമികളും സ്വീകരിച്ചത്. ഇതിനുശേഷം ഇൻ സമ്മർ എന്ന ഗാനം ടാപ് ഡാൻസിന്റെ അകമ്പടിയോടെ അവൾ ആലപിച്ചു. സിഡ്നിയുടെ മെഗാ ഹിറ്റായ ഫ്രോസൻ എന്ന കംപ്യൂട്ടർ അനിമേറ്റഡ് മ്യൂസിക്കൽ ഫിലിമിൽനിന്നുള്ള ഈ ഗാനം ഹെവൻലി ജോയിയെ ഒരു സൂപ്പർസ്റ്റാറാക്കി മാറ്റി.

ഹെവൻലി ജോയി ഗാനം ആലപിച്ചു കഴിഞ്ഞപ്പോൾ അവളെ അഭിനന്ദങ്ങൾകൊണ്ടു പൊതിഞ്ഞതിനുശേഷം സ്റ്റേൺ പറഞ്ഞു: ഞാൻ ചെറുപ്പമായിരുന്നപ്പോൾ ഷെർളി ടെമ്പിൾ എന്ന കൊച്ചു കലാകാരിയുടെ ഗാനവും നൃത്തവും ടെലിവിഷനിൽ കണ്ടിട്ടുണ്ട്. സ്റ്റേൺ പറഞ്ഞുപൂർത്തിയാക്കുന്നതിനു മുൻപ് ഹെവൻലി ജോയി ഇടയ്ക്കുകയറി പറഞ്ഞു: ഞാനും ഷേർളി ടെമ്പിളിന്റെ പരിപാടി കണ്ടിട്ടുണ്ട്.

അപ്പോൾ സ്റ്റേൺ പറഞ്ഞു: എനിക്കു തോന്നുന്നു ഷെർളി ടെമ്പിൾ മോളുടെ ഉള്ളിൽ എവിടെയോ ഉണ്ട്. ഉടനെ ഹെവൻലി ജോയി പറഞ്ഞു: ഷെർളി ടെമ്പിൾ അല്ല. യേശു ആണ് എന്റെ ഉള്ളിലുള്ളത് (Not Shirly Temple, Jesus).

ജഡ്ജിമാരുടെ പാനലിലുണ്ടായിരുന്ന സ്റ്റേൺ, ഹെയ്ഡി ക്ലം, മെൽബി, ഹോവി മാൻഡൽ എന്നിവരെയെന്നപോലെ ഈ കുരുന്നു പെൺകുട്ടിയുടെ പ്രകടനം നേരിട്ടും ടിവിയിലും കാണാനിടയായ എല്ലാവരെയും അമ്പരിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്ത മറുപടിയായിരുന്നു അത്. നിമിഷങ്ങൾക്കകം ഈ പരിപാടിയുടെ വീഡിയോ സോഷ്യൽ മീഡിയയിൽ വൈറൽ ആയി മാറി. ലക്ഷോപലക്ഷം ആളുകളാണു അവളുടെ ഈ വീഡിയോ പിന്നീട് കാണാനിടയായത്.

ബാലതാരമായിരുന്ന ഷെർളി ടെമ്പിളിനെപ്പോലെ ആടുകയും പാടുകയും ചെയ്തതുകൊണ്ടാണു ഹെവൻലി ജോയിയുടെ ഉള്ളിൽ ഷെർളി ടെമ്പിൾ ഉണ്ടാവും എന്നു സ്റ്റേൺ സൂചിപ്പിച്ചത്. എന്നാൽ, അവളുടെ ഉള്ളിൽ അവൾ കണ്ടതു ഷെർളി ടെമ്പിളിനെ ആയിരുന്നില്ല. പ്രത്യുത ദൈവപുത്രനും മനുഷ്യരക്ഷകനുമായ യേശുവിനെയായിരുന്നു. തന്റെ ഉള്ളിൽ ദൈവം വസിക്കുന്നു എന്ന ചിന്ത അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ദൈവം അവൾക്കു സജീവനായ വ്യക്തിയായിരുന്നു. തന്മൂലമാണ് ആരെയും വ്യാമോഹിപ്പിക്കുന്ന അംഗീകാരത്തിന്റെയും അഭിനന്ദനങ്ങളുടെയും നിറവിൽ നിൽക്കുമ്പോഴും അവൾ ദൈവത്തെ മറക്കാതെ പോയത്.

നമ്മുടെ ഉള്ളിൽ ദൈവം വസിക്കുന്നു എന്നു നമുക്കറിയാം. എന്നാൽ, നമ്മിലെ ദൈവസാന്നിധ്യത്തെക്കുറിച്ചു നമ്മിലെത്ര പേർക്കു ശരിയായ അവബോധമുണ്ട്? ലോകജീവിതത്തിലെ ആനന്ദങ്ങളുടെയും വ്യഗ്രതകളുടെയുമൊക്കെ ഇടയിൽ നാം പലപ്പോഴും അവിടത്തെ മറന്നുപോകുകയല്ലേ പതിവ്. ദൈവം തന്റെ ഉള്ളിലുണ്ട് എന്ന ഹെവൻലി ജോയിയുടെ വിശ്വാസവും ബോധ്യവും എപ്പോഴും നമുക്കുണ്ടായിരുന്നെങ്കിൽ. അങ്ങനെയെങ്കിൽ നമ്മുടെ ജീവിതത്തിൽ എന്തെല്ലാം വ്യത്യാസങ്ങൾ വരുമായിരുന്നു.

തന്റെ ഉള്ളിൽ ദൈവം വസിക്കുന്നു എന്ന ബോധ്യം അവൾക്ക് എവിടെനിന്നാവും ലഭിച്ചത്? തീർച്ചയായും അവളുടെ മാതാപിതാക്കളിൽനിന്നു ലഭിച്ച വിശ്വാസമായിരിക്കണം അത്. തന്റെ മകളെ ഒരു സൂപ്പർതാരമായി വളർത്തിയെടുക്കുമ്പോഴും ജീവിതത്തിലെ പ്രധാനകാര്യം അവർ മറന്നുപോയില്ലയെന്നതു നമ്മുടെയിടയിലെ മാതാപിതാക്കളും ശ്രദ്ധിക്കേണ്ടതാണ്.

മക്കളെ പഠിപ്പിച്ചു വലുതാക്കുന്നതിൽ മാതാപിതാക്കൾ എപ്പോഴും ശ്രദ്ധാലുക്കളാണ്. അതു നല്ല കാര്യവുമാണ്. എന്നാൽ, മക്കളെ പഠിപ്പിച്ചു വലുതാക്കാനുള്ള വ്യഗ്രതയ്ക്കിടയിൽ അവർക്കു ദൈവവിശ്വാസവും മൂല്യബോധവുമൊക്കെ ശരിയായി പകർന്നുകൊടുക്കാൻ മറന്നുപോകരുത്. കാരണം അവരുടെ ജീവിതത്തിൽ ഏറ്റവും ആവശ്യമുള്ള കാര്യങ്ങളാണിവ എന്നതുതന്നെ.

ഹെവൻലി ജോയിയുടെ മാതാപിതാക്കളായ റോയി ജെർക്കിൻസും ജോയി ജെർക്കിൻസും നല്ല ദൈവവിശ്വാസമുള്ള വ്യക്തികളാണ്. മൈക്കിൾ ജാക്സൺ, വിറ്റ്നി ഹൂസ്റ്റൺ സാംസ്മിത്ത് എന്നിവർക്കുവേണ്ടി സംഗീതസംവിധാനം ചെയ്തിട്ടുള്ള റോയി ജെർക്കിൻസ് ദൈവവിശ്വാസത്തിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന കലാകാരനാണ്. അദ്ദേഹത്തിന്റെ ഭാര്യയായ ജോയി ക്രൈസ്തവഗാനങ്ങൾ രചിക്കുകയും ആലപിക്കുകയും ചെയ്യുന്ന പ്രസിദ്ധയായ ഒരു ഗായികയാണ്.

ദൈവവിശ്വാസം നിറഞ്ഞുനിൽക്കുന്ന ഇവരുടെ കുടുംബത്തിൽനിന്നാണ് ഹെവൻലി ജോയി എന്ന അത്ഭുതബാലികയിൽ ദൈവവിശ്വാസം രൂപപ്പെട്ടത്. അങ്ങനെ രൂപമെടുത്ത വിശ്വാസത്തിന്റെ പ്രതിഫലനമായിരുന്നു ഹെവൻലി ജോയിയുടെ വാക്കുകളിൽ ലോകം ദർശിച്ചത്.

ലോകത്തിൽ നേട്ടങ്ങൾ നേടിയെടുക്കാനുള്ള വ്യഗ്രതകൾക്കിടയിൽ ദൈവത്തെ മറക്കാൻ നാം അനുവദിക്കരുത്. എന്നു മാത്രമല്ല, നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും അവിടുത്തെ സാന്നിധ്യം ഉണ്ടെന്നു നാം ഉറപ്പുവരുത്തുകയും വേണം.

നമ്മുടെ ജീവിതത്തിൽ നാം ദൈവത്തെ മറന്നാൽ അതു നമ്മെത്തന്നെ മറക്കാൻ ഇടയാക്കുമെന്നതു നാം മറന്നുപോകരുത്. നാം നമ്മെ മറക്കുമ്പോഴാണല്ലോ തിന്മയുടെ വഴിയിലേക്കു നാം അധഃപതിക്കുന്നത്. ○

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# നിങ്ങൾ പറഞ്ഞതും ഞങ്ങൾക്ക് പറയാനുള്ളതും



**ഭൗ**തീകമായി ചിന്തിച്ചും, അതിനായി ആഗ്രഹിച്ചു പ്രാർത്ഥിച്ചും-അനുഗ്രഹങ്ങളും അത്ഭുതങ്ങളും അവകാശമാക്കുവാൻ ന്യൂജനറേഷൻ ഉപദേഷ്ടാക്കന്മാർ ജനത്തെ ആഹ്വാനം ചെയ്ത് വഞ്ചിച്ച് നിത്യനാശത്തിലേക്ക് അവരെ വഴിനടത്തിക്കൊണ്ടിരിക്കേ ഇതു സംബന്ധിച്ച് വചനം എന്തു പറയുന്നുവെന്ന് ഞങ്ങൾ വ്യക്തമാക്കുന്നു. ശ്രദ്ധിക്കുക ഇതു വിമർശനമല്ല, ദൈവവചന പഠനമാണ്.

**ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളത് അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിച്ചുകൊൾവിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ, നിങ്ങളും അവനോടുകൂടെ തേജസിൽ വെളിപ്പെടും. (കൊലോ.3:1-4).**

## "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റിരിക്കുന്നു" (3:1).

മിക്ക സഭകൾക്കുമുള്ള ലേഖനങ്ങളിലേതുപോലെ, കൊലൊസ്യ ലേഖനത്തിനും, ആദ്യം അടിസ്ഥാനമിട്ടതിനുശേഷമാണ് ഉപദേശസംബന്ധമായ കാര്യങ്ങൾ പരിഗണിച്ച് ജീവിത രീതിയെ വളർത്തുവാൻ നിർദ്ദേശിക്കുന്നത്. ആ ഘടനയാണ് പൗലൊസ് 3:1ൽ ഉപയോഗിച്ചതെന്ന് ആകയാൽ എന്ന വാക്ക് വ്യക്തമാക്കുന്നു.

തന്റെ ലേഖനത്തിലെ ആരംഭ ഭാഗത്തിൽനിന്നു (1:12, 2:23) പിന്നീട് വരുന്ന ലേഖനത്തിലെ മുഖ്യഭാഗത്തിലേക്ക് പൗലൊസ് മാറുന്നതിനെയാണ് കൊലൊസ്യർ 3:1-4 പ്രതിപാദിക്കുന്നത് (3:5, 4:6). തത്വജ്ഞാനത്തെ കുറിച്ചും ദുരുപദേശങ്ങളെ കുറിച്ചുമുള്ള ചർച്ച 2:8-23-ൽ പൂർത്തിയാക്കുകയും തുടർന്ന് ക്രിസ്തുവിലുള്ള പുതിയ ജീവൻ വളർത്തിയെടുക്കുന്നതിനെ കുറിച്ചുള്ള ചർച്ച തുടങ്ങുകയും ചെയ്തു. 2:20-23ൽ എന്തുകൊണ്ട് കൊലൊസ്യർ തത്വജ്ഞാനവും ലോകത്തിന്റെ ആദ്യപാഠങ്ങളും സ്വീകരിക്കരുത് എന്നു പറഞ്ഞശേഷം, ക്രിസ്ത്യാനികൾ ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ ക്രിയാത്മകവും നിഷേധവുമായ കാര്യങ്ങൾ 3:1-14ൽ പറയുന്നു.



മുൻപ് പറഞ്ഞ കാര്യങ്ങളെ ഉദ്ദേശിച്ചുകൊണ്ടാണ് പൗലൊസ് ആകയാൽ എന്നു പറഞ്ഞ് ഒരു ഭാഗം ആരംഭിക്കുന്നത്. കൊലൊസ്യയിലെ ക്രിസ്ത്യാനികൾ സ്നാനത്തിൽ, ക്രിസ്തുവിനോടുകൂടെ മരിക്കയും (2:20) അവനോടു കൂടെ ഉയർക്കുകയും ചെയ്തു (2:12,13). സ്നാനപ്പെട്ടപ്പോൾ, അവർ യേശുവിന്റെ മരണത്തിലും, അടക്കത്തിലും, ഉയർപ്പിലും പങ്കാളികളായി. ക്രിസ്തുവിനോടുകൂടെ അവർ അനുഭവിക്കുന്ന മാറ്റം ചർച്ച ചെയ്യുവാനായി അവരെ ഈ ചിന്തയിലേക്ക് തിരിച്ചുകൊണ്ടുവരികയാണ്.

കൊലൊസ്യർ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റു എന്ന കാര്യത്തിൽ സംശയം ജനിപ്പിക്കുന്നതിനായിരുന്നില്ല "എങ്കിൽ" എന്ന നിബന്ധനാ പ്രയോഗം 2:20ലേതുപോലെ വാക്യം 1-ൽ ഉപയോഗിച്ചത്. മറിച്ച്, അവർ സ്നാനത്തിൽ ക്രിസ്തുവിനോടുകൂടെ ഉയർത്തെഴുന്നേറ്റപ്പോൾ തുടങ്ങിയ പുതിയ ജീവൻ ഒരു വെല്ലുവിളിയായി ഏറ്റെടുക്കേണ്ടിയിരുന്നു. ആ ഉറപ്പ് നൽകിയശേഷം, ഉയരത്തിലുള്ളത് അന്വേഷിപ്പാനാണ് പൗലൊസ് പറയുന്നത്. അവനോടുകൂടെ അവർ പുതിയ ജീവിതത്തിലേക്ക് പ്രവേശിച്ചതു മുതൽ, "ഉയരത്തിലുള്ളതിനു" വേണ്ടിയായിരിക്കണം ജീവിക്കേണ്ടത്.

ക്രിസ്തുവനോടുകൂടെ ഉയർത്തെഴുന്നേൽക്കുന്നതിനു മുൻപ്, അവർ അവനോടുകൂടെ അടക്കപ്പെട്ടു, അപ്പോഴായിരുന്നു അവർ പാപസംബന്ധമായി മരിച്ചത് റോമർ 6:1-6. അതോടുകൂടെ ലൗകിക ചട്ടങ്ങൾ സംബന്ധിച്ചും മരിച്ചിരുന്നു. മുൻകൂട്ടിയുള്ള രണ്ട് ഉദ്ദേശങ്ങൾ പൗലൊസ് പറഞ്ഞിരിക്കുന്നു: അവർ ക്രിസ്തുവിനോടുകൂടെ മരിക്കയും, അവനോടുകൂടെ ഉയർത്തെഴുന്നേൽക്കുകയും ചെയ്തു (കൊലൊ.2:12,20). അവനോടുകൂടെ മരിച്ചപ്പോൾ, അവർ ജീവിതത്തോടുള്ള ഭൗമികമായ സമീപനങ്ങളും ലൗകികമായ ജ്ഞാനവും വിട്ടുകളഞ്ഞു.

അവരുടെ നോട്ടം ക്രിസ്തുവിൽ മാത്രമായിരിക്കണം അവർ പിന്നെ സ്വർഗത്തിലുള്ളതായിരുന്നു അന്വേഷിക്കേണ്ടിയിരുന്നത് ക്രിസ്തു അവിടെയാണുള്ളത്. അവരുടെ ചിന്ത താഴെയുള്ള ലൗകിക തത്വങ്ങളിലേക്ക് താഴുവാൻ പാടില്ല, പിന്നെയോ, ക്രിസ്തുവിലും അവിടുത്തെ കൽപനകളിലുമായിരിക്കണം. അവരുടെ മനസ് തിരിക്കൽ സ്വാഭാവികമായി സംഭവിക്കുന്നതായിരുന്നില്ല; അവരുടെ ഭാഗത്തുനിന്നും അതിനു പരിശ്രമം ആവശ്യമായിരുന്നു. അവരുടെ ചിന്തകളിലേക്ക് പുതിയ താൽപര്യങ്ങൾ വരണമായിരുന്നു.

സ്നാനത്തിൽ അടങ്ങിയിരിക്കുന്നത് ഒരു മനുഷ്യന്റെ സ്വഭാവത്തിൽ മുഴുവൻ വരുന്ന മാറ്റമാണ്. അത് അയാളുടെ പ്രായോഗിക സ്വഭാവത്തിൽ മാത്രമല്ല, ബുദ്ധിപരമായ ആശയത്തിലും സംഭവിക്കണം. ഒരു പുതിയ വ്യക്തിയായി തീരുന്നതിൽ ഒട്ടും കുറവ് വരുന്നതല്ല അത്. ആ വ്യക്തി ഭൂമിയിൽനിന്നു സ്വർഗത്തിലേക്കാണ് മാറുന്നത്, ആ മാറ്റത്തിൽ അയാളുടെ ചിന്തയും കാഴ്ചപ്പാടും മാറുന്നു, അവന്റെ തീരുമാനം മുഴുവനായി മാറുന്നു. ഐഹികവും, മാറിക്കൊണ്ടിരിക്കുന്നതും ആയ വസ്തുക്കൾക്ക് പകരം ധാർമ്മികവും, നിത്യവും, സ്വർഗീയവുമായവയാണ് എടുക്കേണ്ടത്.

"ഉയർത്തെഴുന്നേറ്റിരിക്കുന്നു" എന്നതിന്റെ ഗ്രീക്ക് വാക്ക് "സുനേജെയിരോ" 2:12ലെ അതേ വാക്ക് തന്നെയാണ്, അവിടെ തർജിമ ചെയ്തിരിക്കുന്നത് "...ഉയർത്തെഴുന്നേറ്റു" എന്നാണ്. പ്രവൃത്തി പൂർത്തിയാക്കി എന്നാണ് ഉപയോഗിച്ചിരിക്കുന്ന വ്യാകരണം വ്യക്തമാക്കുന്നത്. "ഗ്രീക്കിലെ നിബന്ധനാ രൂപം (എയി) സൂചിപ്പിക്കുന്നത് നിബന്ധന പൂർത്തീകരിച്ചു എന്നാണ്. അവർ "ക്രിസ്തുവിനോടുകൂടെ" ഉയർത്തെഴുന്നേറ്റിരിക്കയാൽ, അവരുടെ മനസ് ക്രിസ്തുവിൽ കേന്ദ്രീകരിക്കുകയും അവിടെ നിന്ന് ആവശ്യമായ പോഷണം സ്വീകരിക്കുകയും വേണം.

സഹോദരന്മാർ പിന്നീട് ലൗകികമായ കാര്യങ്ങൾ അന്വേഷിക്കാൻ പാടില്ലായിരുന്നു (2:20). ഇനി അവർ വിലയുള്ള സ്വർഗീയമായ കാര്യങ്ങൾ അന്വേഷിക്കണം (3:1). ഇനി അവർ "ജഡികമായ ആസക്തിയെ" നേരിടണം (2:23), അവയെ വിട്ട് അവരുടെ കണ്ണ് യേശുവിൽ അർപ്പിക്കണമായിരുന്നു (എബ്രാ.12:1,2). അവർ ജീവിതത്തിന് ഒരു പുതിയ കാഴ്ച്ചപ്പാട് സ്വീകരിക്കണം, തങ്ങളുടെ ജീവിതം തേജസ്കരിക്കപ്പെട്ട ക്രിസ്തുവിൽ സമർപ്പിക്കണം.

## "ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു തന്നെ അന്വേഷിപ്പിൻ" (3:1).

യേശുവിനോടുകൂടെ ഉയർത്തിരിക്കുന്നതിനാൽ, കൊലോസ്യർ തങ്ങളുടെ മനസിനെ ആത്മികമായ കാര്യങ്ങളിലേക്ക് തിരിക്കണമായിരുന്നു. സെറ്റെയിറ്റെ എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് അന്വേഷിച്ചുകൊണ്ടിരിക്കൽ, അർത്ഥമാക്കുന്നത് തുടർപ്രവൃത്തിക്കുള്ള കൽപനയായിട്ടാണ്. അത് സൂചിപ്പിക്കുന്നത്, നോക്കിക്കൊണ്ടിരിക്കൽ, അന്വേഷിച്ചുകൊണ്ടിരിക്കൽ, കണ്ടെത്തുവാനുള്ള പരിശ്രമം എന്നാണ്.

ആനോ എന്ന വാക്ക് ഇവിടെ തർജിമ ചെയ്തിരിക്കുന്നത് "ഉയരത്തിൽ" എന്നാണ്, ആ വാക്ക് അതേ അർത്ഥത്തിൽ യോഹന്നാൻ 8:23ലും, ഗലാത്യർ 4:26ലും, ഫിലിപ്പിയർ 3:14ഉം ഉപയോഗിച്ചിട്ടുണ്ട്. ക്രിസ്തുവിലൂടെയുള്ള ബന്ധം ശരിയായ നിലയിൽ തുടരുവാൻ ഈ ജീവിതത്തിലെ ചപ്പും ചവറും ഉപേക്ഷിച്ച്, പുതിയ ജീവൻ സജീവമായി പിന്തുടരേണ്ടിയിരിക്കുന്നു. അതിനർത്ഥം ക്രിസ്ത്യാനികൾ ഭൗമികമായ ഉത്തരവാദിത്വങ്ങളോട് കണ്ണടച്ചുകളയണം എന്നല്ല.

ക്രിസ്ത്യാനികളായതിനാൽ, നമ്മുടെ മുൻഗണനാക്രമങ്ങളെ നാം തുലനപ്പെടുത്തണം. സ്വർഗീയമായ കാര്യങ്ങളെ അന്വേഷിക്കാതിരിക്കത്തക്കവണ്ണം ലൗകികമായ കാര്യങ്ങളിലേക്ക് നാം തിരിയരുത്. ഭൗമികമായ ഉത്തരവാദിത്തങ്ങളെ അവഗണിച്ചു സ്വർഗീയമായ കാര്യങ്ങളിൽ മാത്രം ഇടപെടണമെന്നല്ല പറയുന്നത്. ദൈവികമായ നമ്മുടെ ലക്ഷ്യം കൈവരിക്കത്തക്കവണ്ണമായിരിക്കണം നമ്മുടെ ഭൗമികമായ ബന്ധങ്ങളെ സൂക്ഷിക്കേണ്ടത് എന്നർത്ഥം.

## "ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതുതന്നെ ചിന്തിപ്പിൻ" (3:2)

യേശു വസിക്കുന്ന മാലിന്യരഹിതമായ പ്രതലത്തെ കുറിച്ചായിരുന്നു കൊലോസ്യർ ചിന്തിക്കേണ്ടിയിരുന്നത്. ഒന്നുകിൽ സ്വർഗീയമായ കാര്യങ്ങൾ അല്ലെങ്കിൽ ഭൗമികമായ കാര്യങ്ങൾ അവർ തിരഞ്ഞെടുക്കണമായിരുന്നു. ഭൗമികമായ കാര്യങ്ങൾ ഉപയോഗത്താൽ നശിച്ചു പോകുന്നതും, പാപസംബന്ധവുമായവയാണെങ്കിൽ, ഉയരത്തിലുള്ളവ, വിശുദ്ധവും, നിലനിൽക്കുന്നതും, നിത്യവുമായവയാണ്.

ചിന്തിപ്പിൻ എന്നത് തർജിമ ചെയ്തിരിക്കുന്നത് ഏക അനുപേക്ഷ്യ ഗ്രീക്ക് വാക്ക് "ഫ്രോണെയിറ്റെയിൽ" നിന്നാണ്. ഈ സന്ദർഭത്തിലും, മറ്റു സന്ദർഭങ്ങളിലും (റോമർ 12:16; ഫിലി.3:19), അർത്ഥം, "(ചിലതിൽ) ശ്രദ്ധ കേന്ദ്രീകരിക്കുക, ഒരു ആളുടെ മനസ് ഉറപ്പിക്കുക എന്നതാണ്.

കൂടുതൽ വികാരങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് കെ.ജെ.വി.തർജിമ ചെയ്തിരിക്കുന്നത് "നിങ്ങളുടെ സ്നേഹബന്ധത്തിൽ ചിന്തിക്കുക" എന്നാണ്. കൊലോസ്യരുടെ മനസ്സ് ഉറപ്പിക്കുന്നതിനെ കുറിച്ചായിരുന്നു പൗലോസ് പറഞ്ഞത്. ദൈവഭക്തിയെ അവർ തങ്ങളുടെ മുഖ്യചിന്തയാക്കണമായിരുന്നു. "ഉയരത്തിലുള്ളത്" എന്നു പറഞ്ഞ് കൊലോസ്യർ പ്രപഞ്ചത്തിലുള്ളതല്ല എന്നു വ്യക്തമായി മനസിലാക്കുവാൻ പൗലോസ് "ക്രിസ്തു ഇരിക്കുന്നിടമായ" എന്നുകൂടെ പറഞ്ഞു (3:1).

"ഭൂമി" എന്ന പ്രതലം പാപം വസിക്കുന്ന സ്ഥാനമാണ്, എന്നാൽ "ഉയരത്തിലുള്ളത്" മുഖ്യമായും വിശുദ്ധി നിറഞ്ഞ സ്ഥാനമാണ്. തങ്ങളുടെ ചിന്തയനുസരിച്ചാണ് ക്രിസ്ത്യാനികൾ ജീവിക്കുന്നത്. നമ്മുടെ ചിന്ത ഈ ലോകത്തിലുള്ളതായാൽ, നാം ഭൗമിക-മനസുള്ളവരായിരിക്കും, ലോകത്തിലുള്ള ആളുകളെ പോലെ ജീവിക്കുകയും ചെയ്യും. നാം സ്വർഗീയമായ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചാൽ, ദൈവിക സ്വഭാവം എടുക്കുകയും ലൗകികമായ ജീവിതത്തിന് നാം വിധേയരാകാതിരിക്കുകയും ചെയ്യും. കൊലോസ്യരെ പോലെ നമ്മുടെ ചിന്തയെ നിയന്ത്രിച്ച്, ആത്മീയമല്ലാത്ത കാര്യങ്ങളും ഭൗതികാനുഗ്രഹങ്ങളും അവഗണിച്ച് നമ്മുടെ ചിന്ത ആത്മീയ കാര്യങ്ങളിലേക്ക് തിരിയേണ്ടിയിരിക്കുന്നു.

ആത്മീയ ചിന്തയാലും, വിശുദ്ധ ജീവിതത്താലും പാപ പരിശീലനങ്ങൾ നമുക്ക് നീക്കം ചെയ്യാവുന്നതാണ്. നല്ലതിനെകുറിച്ചുള്ള ചിന്ത തിന്മ നീക്കം ചെയ്യുവാൻ ആവശ്യമാണ്. പൗലോസ് ആ തത്വം റോമർ 12:21ലും; 13:14ലും; 2 കൊരി.3:18ലും; ഗലാത്യർ 5:16ലും അവതരിപ്പിച്ചിരിക്കുന്നു.

ഫിലിപ്പിയർക്ക് ലേഖനമെഴുതിയപ്പോൾ പൗലോസ് ഭൗമികമായി ചിന്തിക്കുന്നവർ ക്രൂശിന്റെ ശത്രുക്കളാണെന്നു പറഞ്ഞിരിക്കുന്നു (ഫിലി.3:18,19). അതേ ലേഖനത്തിൽ, അവരുടെ മനസ് കേന്ദ്രീകരിക്കേണ്ട ക്രിയാത്മകമായ വിഷയങ്ങളും പറഞ്ഞിരിക്കുന്നു (ഫിലി.4:8). ഉയരത്തിലുള്ളതും ഭൂമിയിലുള്ള പ്രവൃത്തികളും തമ്മിലുള്ള അന്തരം യാക്കോബ് വ്യക്തമാക്കിയിരിക്കുന്നു (യാക്കോ.3:14-18). കൊലോസ്യർ 3:1-ലെ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു "എങ്കിൽ" എന്ന പ്രയോഗം വളരെ പ്രാധാന്യം അർഹിക്കുന്നു. പാപസംബന്ധമായി മരിച്ച് ദൈവസംബന്ധമായി ഉയിർത്തു എങ്കിൽ ഉയരത്തിലുള്ളത് ചിന്തിക്കും. അങ്ങനെയൊരു അനുഭവം ഉണ്ടായിട്ടില്ലായെങ്കിൽ ലോകത്തെ സ്നേഹിച്ച് ലോകത്തിലുള്ള ചപ്പുചവറുകൾക്കായി ജീവിതം പാഴാക്കും. ഫിലിപ്യർ 3:19 കൂടെ ചേർത്തുവായിച്ചിട്ട് നിങ്ങൾ ഇതിൽ ഏത് വിഭാഗത്തിൽപ്പെടും എന്ന് ചിന്തിക്കുക. ○

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

കൗൺസലിംഗ്



# ചില ദാമ്പത്യ പ്രശ്നങ്ങൾ

വിവാഹത്തിന്റെ പിറ്റേന്നു ഭാര്യ പെട്ടിയുമെടുത്തു ഭർത്താവിന്റെ വീടു വിട്ടിറങ്ങി.

എന്തു സംഭവിച്ചു?

വീട്ടിലെത്തിയപ്പോൾ ബന്ധുക്കളും സുഹൃത്തുക്കളും ചോദിച്ചു. അയാൾ ഒരു പുരുഷനല്ല. പുതുമണവാട്ടി മറുപടി നൽകി.

പക്ഷേ, ഏതാനും വർഷങ്ങൾക്കു ശേഷം ആ ഭർത്താവു വീണ്ടും വിവാഹിതനായി. ഇപ്പോൾ ഭാര്യയും കുട്ടികളുമൊത്തു സസുഖം കഴിയുന്നു.

പ്രഥമരാത്രിയെക്കുറിച്ചു വളരെയധികം പ്രതീക്ഷിച്ചു. അതാണ് ആ വധുവിനു പറ്റിയ തെറ്റ്. അവളുടെ പ്രതീക്ഷയ്ക്കനുസരിച്ച് കാര്യങ്ങൾ ഒന്നും നടന്നില്ല.

ഇത്തരം സന്ദർഭങ്ങൾ പലരുടെയും ദാമ്പത്യത്തെ തകർത്തിട്ടുണ്ട്. ലൈംഗിക വിദ്യാഭ്യാസമില്ലാത്തതാണ് ഇതിനു കാരണം. സെക്സ് അഥവാ ലൈംഗികത ജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണ്. സെക്സ് മാത്രമാണു ജീവിതം എന്നു ധരിച്ചു സെക്സിനു പ്രാധാന്യം നൽകുമ്പോൾ മറ്റു പലതും മറന്നുപോകുന്നു.

ആത്മീയ-യാഥാസ്ഥിതിക ചുറ്റുപാടുകളിൽ വളർന്നുവരുന്ന യുവതീയുവാക്കളിൽ സെക്സിനോട് അകാരണമായ ഭയം ഉണ്ടാവുക സാധാരണമാണ്. ഒരു ചെറുപ്പക്കാരനെ നോക്കുന്നതും സ്പർശിക്കുന്നതുമൊക്കെ പാപവും നിഷിദ്ധവുമാണെന്ന നിർദേശങ്ങൾ ചെറുപ്പം മുതലേ കേട്ടുവളരുന്ന പെൺകുട്ടി പെട്ടെന്നൊരു ദിവസം ഒരു ചെറുപ്പക്കാരനോടൊത്തു മുറിയിലകപ്പെടുമ്പോൾ ചകിതയാവുക തികച്ചും സ്വാഭാവികമാണ്. വിലക്കുകളുടെ കൂച്ചുവിലങ്ങുകളഴിഞ്ഞു യാഥാർത്ഥ്യങ്ങളിലേക്കു വരാൻ അല്പസമയമെടുക്കും.

സെക്സ് അതിന്റെ ദിവ്യാനുഭൂതിയിലേക്കു കടന്നുവരാൻ പല അനുകൂല സാഹചര്യങ്ങളും ആവശ്യമാണ്. ഭൗതിക സാഹചര്യങ്ങൾ മാത്രമല്ല, മാനസിക സാഹചര്യങ്ങളും അനുകൂലമാകണം. പ്രക്ഷുബ്ധമായ, ആകുലമായ അഥവാ ക്ഷീണിതമായ ഒരു മനസ്സിന്റെ ഉടമ തന്റെ ഇണയുടെ ലൈംഗിക പ്രതീക്ഷകളെ പൂവണിയിക്കാൻ അശക്തനായിരിക്കും.

ഒരുപക്ഷേ, ഇക്കാരണമാകും പലരുടെയും പ്രഥമരാത്രികളെ വിരസമാക്കുക. ഈ യാഥാർത്ഥ്യങ്ങളിലേക്കു കടന്നുവരാൻ കഴിയാതെ ദാമ്പത്യം വിട്ടിറങ്ങുമ്പോൾ ജീവിതം തകർച്ചയിലേക്കു മാത്രമേ നീങ്ങൂ.

അതുകൊണ്ടാണു ദാമ്പത്യത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് യുവതീയുവാക്കൾക്ക് കൗൺസലിംഗ് ആവശ്യമാണെന്നു പറയുന്നത്. സെക്സിനെക്കുറിച്ചുള്ള ചെറുപ്പകാലത്തെ വിലക്കുകളുടെ അർത്ഥമെന്താണെന്നു മനസ്സിലാക്കിക്കഴിഞ്ഞാൽ പുതുജീവിതത്തിലേക്കു പ്രവേശിക്കുന്നതിന് അതു തടസ്സമാവില്ല. വിലക്കുകളുണ്ടാക്കുന്ന ചിന്താക്കുഴപ്പത്തോടെ മണിയറയിലേക്കു പ്രവേശിക്കുമ്പോൾ ആശയക്കുഴപ്പം ഉണ്ടാകുക സ്വാഭാവികം. അതു പങ്കാളിയെ അസ്വസ്ഥനും അഥവാ അസ്വസ്ഥയും കുപിതനും (കുപിതയും) ആക്കുന്നു. അതു ദാമ്പത്യത്തിന്റെ അടിവേരറക്കുകയും ചെയ്യും.



സെക്സിനെക്കുറിച്ചു ശരിയായ ധാരണയില്ലാതെ, ജീവിതം തകരുന്ന മറ്റൊട്ടേറെ സാഹചര്യങ്ങളുണ്ട്. അത്തരമൊരു സാഹചര്യത്തിലാണു റസിയ തന്റെ സ്വന്തം കുഞ്ഞിന്റെ ഘാതകിയായത്. 'അടുത്തെങ്ങും തനിക്കൊരു കുഞ്ഞുവേണ്ട' എന്ന തീരുമാനത്തോടെയാണവൾ വിവാഹിതയായത്. വിവാഹശേഷം അവൾ അതു ഭർത്താവിനോടു പറഞ്ഞു. അദ്ദേഹമതു സമ്മതിച്ചു വർഷങ്ങൾ കാത്തിരുന്നു. എന്നാൽ ഒടുവിലയാൾ അവളെ പറ്റിച്ചു. അവൾ ഗർഭിണിയായി. പക്ഷേ, താൻ ഗർഭിണിയായെന്ന് അറിഞ്ഞ അന്നുതന്നെ അവൾ അസ്വസ്ഥയായി. നാണത്തിൽ പൊതിഞ്ഞ പുഞ്ചിരിയോടെ താനൊരു അമ്മയാകാൻ പോകുകയാണെന്ന വാർത്ത കണവനെ അറിയിക്കുന്നതിനു പകരം ഇര നഷ്ടപ്പെട്ട പെൺപുലിയെപ്പോലെ അവൾ അയാളുടെ നേരെ ചീറി. ഗർഭം വളരുന്തോറും അവൾ കൂടുതൽ അസ്വസ്ഥയാവുകയായിരുന്നു. ഒടുവിൽ പ്രസവമായപ്പോഴേക്ക് അവളൊരു മാനസിക രോഗിയായി തീർന്നു. പ്രസവിച്ച് അധിക ദിവസം കഴിയും മുമ്പേ മനസ്സിൽ ഉറഞ്ഞുകൂടിയ രോഷത്തിന്റെ വിഷം കയറി, അവൾ കുഞ്ഞിനെ ഞെക്കിക്കൊന്നു. ഈ വാർത്ത നാം കേട്ടിട്ട് അധികനാളുകൾ ആയില്ല.

"അത്താഴം കഴിഞ്ഞു കിടക്കുമ്പോൾ ഭർത്താവു വിളിക്കും, നീയിങ്ങു വരൂ ഒരു സ്വകാര്യം പറയട്ടെ. സ്വകാര്യം പറഞ്ഞു പറഞ്ഞു കുട്ടികൾ അഞ്ചായി."

കുടുംബപ്രാരാബ്ധങ്ങൾ വിവരിക്കവേ ഒരു സ്ത്രീ ഞങ്ങളോടു പറഞ്ഞ വാക്കുകളാണിത്. ശിഥിലമായ ഒരു ദാമ്പത്യത്തിന്റെ ഉടമകളാണ് ആ ഭാര്യയും ഭർത്താവും. പുറമേ അവർ സന്തുഷ്ടരാണ്. അഞ്ച് മക്കളുണ്ട്. ദൈവം തന്ന സമ്പാദ്യം." മറ്റുള്ളവരോടു പറയും. പക്ഷേ, ഉള്ളാലേ അവർ പരസ്പരം വെറുക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു.

പലർക്കും ലൈംഗികതയെക്കുറിച്ചു കേൾക്കുമ്പോൾ, പറയുമ്പോൾ നാണമാണ്. അതുകൊണ്ടു തന്റെ പങ്കാളിയോടുപോലും കാര്യങ്ങൾ തുറന്നു സംസാരിക്കാൻ അവർക്കു കഴിയാറില്ല. പക്ഷേ, പ്രവർത്തിക്കാൻ നാണമില്ല. അങ്ങനെ പരസ്പര ധാരണയില്ലാതെ ചിലതൊക്കെ കാട്ടിക്കൂട്ടുന്നു. പ്രതീക്ഷയ്ക്കു വിരുദ്ധമായി ആഗ്രഹിക്കാത്ത സമയത്തു കുട്ടികൾ ജനിക്കുന്നു. അപ്പോൾപ്പിന്നെ ഭീതിയായി അതു സെക്സിനോടുള്ള വിരക്തിയിലേക്കു നയിക്കുന്നു. അതു ഭാര്യാഭർത്താക്കന്മാർക്കിടയിൽ അലോസരങ്ങളുണ്ടാക്കുന്നു.

ചെറുപ്പത്തിൽ ലൈംഗികമായ കൈയേറ്റത്തിനു വിധേയരാവുന്ന പെൺകുട്ടികൾ ഭാര്യമാരാവുമ്പോൾ പ്രശ്നങ്ങളുണ്ടാവുക സ്വാഭാവികമാണ്. ആക്രമണത്തിന്റെ ക്രൂരതയും കൈയേറ്റത്തിന്റെ ക്ഷതവും പുരുഷനെക്കുറിച്ചു ഭീതിയും ലൈംഗികതയിൽ വിരക്തിയും അവളിലുണ്ടാക്കുന്നു. അതുമൂലം ലൈംഗികജീവിതത്തിൽ സ്വയം സംതൃപ്തിയണയാനും പങ്കാളിയെ സംതൃപ്തനാക്കാനും അവൾക്കു കഴിയാതെയാകുന്നു. ഇത്തരം പെൺകുട്ടികൾ വിവാഹത്തിനു മുമ്പ് ആരോഗ്യകരമായ ലൈംഗികതയെക്കുറിച്ചുള്ള ഉപദേശങ്ങൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ചില പുരുഷന്മാർക്ക് തലതിരിഞ്ഞ ലൈംഗിക പെരുമാറ്റരീതികളുണ്ട്. ഭാര്യയിൽ നിന്നും ചില പ്രത്യേക പെരുമാറ്റങ്ങളും ചലനങ്ങളും ഇവർ പ്രതീക്ഷിക്കും. അനുഭവങ്ങളിൽ നവാഗതയായ പെൺകുട്ടിക്ക് അതിനു കഴിയാതെ വരുമ്പോൾ, അയാൾ അസംതൃപ്തനും അസ്വസ്ഥനുമാകും. അവളെ ഭത്സിക്കും. ഇത് അവളെ വേദനിപ്പിക്കും. ദാമ്പത്യം അസുഖകരമാകുകയും ചെയ്യും. വിവാഹത്തിനു മുമ്പു ദുർനടപടിക്കാരികളായ സ്ത്രീകളുമായി ഇടപെട്ടിട്ടുള്ളവരോ അശ്ലീല വീഡിയോകളുടെ കാഴ്ചക്കാരായ പുരുഷന്മാരോ ആണ് ഏറെയും ഈ രീതിയിൽ തങ്ങളുടെ ദാമ്പത്യം തകരാറിലാക്കുന്നത്.

ലൈംഗികബന്ധത്തിലെ ചില ക്രമീകരണങ്ങൾ, അതായതു കുടുംബാസൂത്രണമാർഗങ്ങളുടെ ഉപയോഗം തുടങ്ങിയവ ചില സ്ത്രീകളും പുരുഷന്മാരും ഇഷ്ടപ്പെടില്ല. ലൈംഗിക ജീവിതത്തെയും ജീവിത സാഹചര്യങ്ങളേയും കുറിച്ചുള്ള ധാരണകൾ മെച്ചപ്പെടുത്തി ഇതിനൊരു പരിഹാരം കാണാവുന്നതാണ്.

ഭയമാണു ചിലരുടെ പ്രശ്നം. ആത്മവിശ്വാസക്കുറവിൽ നിന്നുണ്ടാകുന്ന ഭയം. തന്റെ പങ്കാളിയെ തൃപ്തിപ്പെടുത്താൻ സാധിക്കുമോ എന്ന ആശങ്കയാണവർക്ക്. സെക്സിനെക്കുറിച്ചുള്ള അശാസ്ത്രീയമായ ലേഖനങ്ങളും കൂട്ടുകാരുടെ സംസാരങ്ങളും ഒക്കെയാവും ഇക്കൂട്ടരെ ആശങ്കയിലേക്കു തള്ളിവിടുക. ലൈംഗികതയുമായി ബന്ധപ്പെട്ട ശാരീരിക മാനസിക പ്രവർത്തനങ്ങളെക്കുറിച്ചു ശാസ്ത്രീയവിജ്ഞാനം നേടി ഇവർക്ക് ആരോഗ്യപൂർണമായ ജീവിതത്തിലേക്കു മടങ്ങിവരാനാകും.

"ഒരു തൊട്ടാവാടി. അവൾക്ക് (മിനിക്ക്) ഒന്നും അറിയില്ലെന്നേ. എന്നോട് അവളുടെ അപ്പനോടെന്നപോലെയാണു പെരുമാറുക. അവൾക്ക് ഒരച്ഛനാകാൻ എന്നെക്കൊണ്ടാവില്ല. അവളെന്റെ ഭാര്യയാണ്" –സുരേഷ് പറഞ്ഞു.

മിനി ഒരു സുന്ദരിക്കുട്ടിയാണ്. ഐശ്വര്യമുള്ള മുഖം. പക്ഷേ, വിവാഹം കഴിഞ്ഞ് ആറുമാസമായിട്ടും അവൾക്കൊരു ഭാര്യയാകാൻ കഴിഞ്ഞില്ല. മാതാപിതാക്കളുടെ മുന്നിലെന്നപോലെ അവൾ സുരേഷിന്റെ മുന്നിൽ കൊഞ്ചിക്കുഴയും.

മിനി പഠിച്ചതും വളർന്നതും കോൺവെന്റിലാണ്. അച്ഛനുമമ്മയും വിദേശത്തു അഞ്ചക്ക ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥർ. പ്രസവിച്ച് അധിക ദിവസങ്ങൾ കഴിയും മുമ്പേ അവളെ നാട്ടിലേക്കയച്ചു. മുത്തശ്ശിയും വേലക്കാരികളും നീട്ടിയ കുപ്പിപാൽ കുടിച്ചു വളർന്നു. കുറെ അറിവായപ്പോൾ മുതൽ കോൺവെന്റിലെ അന്തേവാസിയായി. ഏതാനും ദിവസത്തേക്കു നാട്ടിൽ വരുമ്പോൾ തൊട്ടുതാലോലിക്കുന്ന അച്ഛനമ്മമാർ. വല്ലപ്പോഴുമൊരിക്കൽ കോൺവെന്റിനു പുറത്തുപോകുമ്പോൾ അച്ഛനമ്മമാരുടെ കൈകളിൽ തൂങ്ങി ചിത്രശലഭങ്ങളെപ്പോലെ തുള്ളിച്ചാടിപോകുന്ന പെൺകുട്ടികളെ നിറഞ്ഞ കണ്ണുകളോടെ അവൾ നോക്കിനിന്നു.

അച്ഛനമ്മമാരുടെ സ്നേഹത്തിനു ദാഹിച്ചുഴറി നടന്ന മിനി, വിവാഹം കഴിഞ്ഞപ്പോൾ സുരേഷിൽ തന്റെ അച്ഛനെ കണ്ടു. തനിക്കു നഷ്ടപ്പെട്ട പിതൃസ്നേഹം സുരേഷിൽനിന്നു കിട്ടാനവൾ കൊതിക്കുന്നു. സ്വതവേ ഗൗരവക്കാരനായ സുരേഷിനിതു മനസ്സിലാക്കാനായില്ല. അയാൾ മിനിയുടെ ശരീരമാണു കണ്ടത്, മനസ്സു കണ്ടില്ല. അതോടെ അവരുടെ ദാമ്പത്യത്തിലും കല്ലുകടിച്ചു.



ഇതുപോലെ ഭാര്യയിൽ അമ്മയെ കാണുന്ന പുരുഷന്മാരുണ്ട്. അമ്മയുടെ സ്നേഹം കിട്ടാതെ വളർന്നവരാകും അവർ.

മക്കൾക്കു സ്നേഹവും കരുതലും കൊടുക്കേണ്ട സമയത്ത് അതു കൊടുക്കാതെ അവരെ ബോർഡിംഗിലും ഹോസ്റ്റലിലും നിർത്തിയ ശേഷം വിദേശരാജ്യങ്ങളിൽ ആയുസ്സ് ചെലവഴിക്കുകയും 'ഹണിമൂൺ' ആഘോഷിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ ഈ മാനസികപ്രശ്നത്തെ കണക്കിലെടുക്കേണ്ടതാണ്. യഥാർത്ഥത്തിൽ മാതൃകാപരമായ കുടുംബജീവിതം നഷ്ടപ്പെടുത്തുകയാണവർ. മാത്രമല്ല, സ്വന്തം മക്കളുടെ ജീവിതവും തകർക്കുന്നു.

ഭാര്യ തനിക്ക് ഇഷ്ടപ്പെട്ട അമ്മയെപ്പോലെ അഥവാ പെങ്ങളെപ്പോലെ പെരുമാറണമെന്നു പ്രതീക്ഷിക്കുന്ന ഭർത്താക്കന്മാരുണ്ട്. ആ പ്രതീക്ഷ പലപ്പോഴും സഫലമാകില്ല. അതു സാധ്യവുമല്ല. മറ്റൊരു വീട്ടിൽ മറ്റൊരു സാഹചര്യത്തിൽ വളർന്ന പെൺകുട്ടിക്ക് എങ്ങനെ ഭർത്താവിന്റെ പെങ്ങളെപ്പോലെ പെരുമാറാനാവും? അനുപമമായ വ്യക്തിത്വത്തിന്റെ ഉടമയാണവൾ. ഈ യാഥാർത്ഥ്യം മനസ്സിലാക്കി പൊരുത്തപ്പെട്ടുപോകാൻ കഴിയാത്ത ഭർത്താവു ജീവിതം തനിക്കും ഭാര്യയ്ക്കും വിരസവും ദുഃഖകരവുമാക്കുന്നു.

പ്രശസ്തനായ ഒരു ഡോക്ടറെ എനിക്കറിയാം. തന്റെ ആദ്യത്തെ കുട്ടി ആണായിരിക്കും. അയാൾ പ്രതീക്ഷിച്ചു. പക്ഷേ, ഭാര്യ പ്രസവിച്ചതു പെൺകുട്ടിയെ. അത് അയാളെ അസന്തുഷ്ടനാക്കി. വീണ്ടും ഭാര്യ ഒരു പെൺകുട്ടിയെക്കൂടി പ്രസവിച്ചപ്പോൾ അയാൾ ആകെ ബേജാറായി. കുട്ടിയെ കാണാൻ പോയില്ല. ഭാര്യയോടു മിണ്ടിയില്ല. ഇപ്പോഴും അയാൽ ഭാര്യയോടു വിരോധത്തിലാണ്. ഒരേ വീട്ടിലാണെങ്കിലും ഡോക്ടറും ഭാര്യയും തമ്മിൽ ധ്രുവങ്ങളുടെ അകലം. ഭാര്യയ്ക്കും ഭർത്താവിനും മനഃക്ലേശം.

ദാമ്പത്യപ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഓർമവരിക, ആദാമിന്റെയും ഹവ്വയുടെയും കഥയാണ്. ദൈവമുമ്പാകെ പാപം ചെയ്തു രണ്ടുപേരും തെറ്റുകാരായി.

ദൈവം ചോദിച്ചു, ആദമേ എന്തു സംഭവിച്ചു?

"നീ കൂട്ടിനു തന്ന ഈ സ്ത്രീ എനിക്കു പഴം തന്നു. ഞാൻ തിന്നു" –ആദം പറഞ്ഞു.

ഹവ്വയേ എന്തു സംഭവിച്ചു, ദൈവം ചോദിച്ചു. "നീ സൃഷ്ടിച്ച സർപ്പം പഴം തന്നു. എന്നെ വഞ്ചിച്ചു."

അവരുടെ നിലപാടിൽ തെറ്റുകാരനായതു ദൈവം! വിവാഹശേഷം പരസ്പരം കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. കുറ്റപ്പെടുത്തുന്നതുമൂലം പങ്കാളിയെ നന്നാക്കാനോ പ്രശ്നങ്ങൾ പരിഹരിക്കുവാനോ സാധ്യമല്ല.

വിവാഹത്തിനു ശരിയായ ആസൂത്രണമാവശ്യമാണ്. വിവാഹത്തിന്റെ ലക്ഷ്യം, വിജയകരമായ വിവാഹജീവിതം നയിക്കാൻ എല്ലാ തലത്തിലുമുള്ള കഴിവ്, നിങ്ങളുടെ രീതികൾ, അഭിരുചികൾ എല്ലാം നേരത്തെ വിലയിരുത്തി അതുമായി സ്വയമേയും അന്യോന്യവും പൊരുത്തപ്പെടുക. ഇണയെ ധാരണാപൂർവം മനസ്സിലാക്കുക. സ്നേഹിക്കുക. വിട്ടുവീഴ്ചകൾക്കു തയ്യാറാകുക. അതാണു ദാമ്പത്യവിജയത്തിന്റെ താക്കോൽ.



# വേദാഭിമാനിയുടെ മറുപടി

ഒറ്റയ്ക്കുനിന്ന് ഭൂരിപക്ഷം നേടാൻ ശ്രമിക്കുന്ന താങ്കൾ കൃപാവരപ്രാപ്തരായ പ്രവാചകന്മാരെ വിമർശിക്കുന്നത് അവസാനിപ്പിക്കണം. ഒറ്റയ്ക്കു നിന്ന് ആരും ഒന്നും നേടിയിട്ടില്ലെന്നും പ്രവാചകന്മാരെ ആർക്കും ഒരു കാലത്തും വിമർശിച്ചൊതുക്കാൻ കഴിഞ്ഞിട്ടില്ലെന്നതും ഓർത്തിരിക്കുന്നത് നന്ന്.

**– പാസ്റ്റർ ഫിന്നി എബ്രഹാം, പുതുശ്ശേരി, വയല, അടൂർ, പത്തനംതിട്ട**

“സൂര്യൻ അതിന്റെ ആകാശയാത്രയിൽ ഒറ്റയ്ക്കാണല്ലോ, എന്നിട്ടെന്താ അതിന്റെ ശക്തിക്കും പ്രഭാവത്തിനും വല്ല കുറവുമുണ്ടോ? താഴ്‌വരയിലെ ഉയർന്ന കുന്നും ഒറ്റതിരിഞ്ഞല്ലേ? അതുപോലെ ഗ്രാമത്തിന് പുറത്തുള്ള ആ കിണറും ഒറ്റതിരിഞ്ഞല്ലേ! എന്നിട്ടും അതിന് അതിന്റേതായ സ്ഥാനമില്ലേ? വാസ്തവത്തിൽ ഇവയൊക്കെയാണ് യഥാർത്ഥ വഴികാട്ടികൾ. മരുഭൂമിയിലെ യാത്രക്കാർക്ക് മാർഗ്ഗനിർദേശം നല്കുന്നത് ഈ സൂര്യനും മലയും കിണറുമാണ്.” ഏലിയാപ്രവാചകന്റെ ജീവിതത്തെ ആധാരമാക്കിയെഴുതിയ പൗലോ കൊയ്‌ലോയുടെ ഫിഫ്ത് മൗണ്ടൻ എന്ന നോവലിൽ ഒരു പ്രവാചകനെ കുറിക്കാൻ ഉപയോഗിച്ചിരിക്കുന്ന വാക്കുകളാണ് ഇവ. പ്രവാചകരും അവരുടെ ശബ്ദവും ഒറ്റതിരിഞ്ഞതും വേറിട്ടതുമാണ്.

ഹെൻറി എട്ടാമൻ ആനിബോളിനെ നിയമാനുസൃതമല്ലാതെ വിവാഹം ചെയ്യുമ്പോൾ അന്ന് രാജ്യത്തിലെ സകലരും ഹെൻറിയുടെ ഒപ്പം നിന്നു. (നിർത്തി എന്നു പറയുന്നതാണ് കൂടുതൽ ശരി). പക്ഷേ, ഹെൻറി അസ്വസ്ഥനായിരുന്നു, കാരണം തോമസ് മൂർ എതിരാണ്. ഒരു രാജ്യം മുഴുവൻ പിന്നിലുണ്ടായിരുന്നിട്ടും എന്തിനാണ് ഹെൻറിതോമസിനെ ഭയന്നത്? കാരണം തോമസ് മൂർ ഒറ്റയ്ക്ക് ഭൂരിപക്ഷം നേടിയിരുന്നു. ഒടുവിൽ ശിരസ്സ് ശരീരത്തിൽനിന്ന് വേർപെടുത്തിയിട്ടുപോലും ഒറ്റയ്ക്കു തോമസ് നേടിയ വിജയം ഇല്ലാതാക്കാൻ ഹെൻറിക്കു കഴിഞ്ഞില്ല.

പഴയനിമയത്തിൽ ഉടനീളം തന്റെ ജനത്തെ നേർവഴിക്ക് നയിക്കാൻ പെടാപ്പാടുപെടുന്ന ഒരു ദൈവത്തെ നാം കണ്ടുമുട്ടുന്നുണ്ട്. എല്ലായിടത്തും ഒന്നിനുപിറകേ ഒന്നായി ജനം ഉടമ്പടി ലംഘിക്കുമ്പോഴും തോൽക്കാൻ മനസ്സില്ല എന്ന വാശിയോടെയാണ് ദൈവം അവർക്കിടയിലേക്ക് പ്രവാചകന്മാരെ അയയ്ക്കുന്നത്. അവരാകട്ടെ ഒറ്റയ്ക്കു സഞ്ചരിക്കുന്ന സൂര്യനെ പോലെയായിരുന്നു. അവർ ഇസ്രായേൽ ജനത്തിന്റെ ജീവിതത്തിനു മുന്നിൽ എന്നും ചോദ്യചിഹ്നമായി ഉയർന്നുനിന്നു; സമതലത്തിലെ പർവ്വതം കണക്കേ.



എബ്രായ ഭാഷയിൽ ‘നബി’ എന്ന വാക്കാണ് പ്രവാചകനെ കുറിക്കാൻ ഉപയോഗിക്കുന്നത്. ആ വാക്കിന്റെ അർത്ഥം തേടുമ്പോൾ ചെന്നു നിൽക്കുന്നതാകട്ടെ മൂന്ന് വാക്കുകളിലും. വിളി (to call) തിളച്ചു മറിയുക (to boil) മുൻപിൽ പറയുക (Forthtell). വേദപുസ്തകത്തിലെ പ്രവാചകൻ എന്ന വാക്കിന്റെ പൂർണ്ണ അർത്ഥം ലഭിക്കുന്നത് ഈ മൂന്ന് അർത്ഥങ്ങളും ഒരുപോലെ സമന്വയിക്കപ്പെടുമ്പോഴാണ്.

ഉയിരു നൽകിയവന്റെ ‘വിളി’ കേട്ട് പുറമേ കാണുന്ന അനീതിക്കെതിരെ ഉള്ളിൽ ഉയരുന്ന ‘തിളച്ചുമറിയലുകളെ’ നിർഭയത്തോടെ ‘വിളിച്ചവന്റെ’ വാക്കു കണക്കേ ജനത്തിന്റെ ‘മുൻപിൽ പറയുന്ന’വനാണ് പ്രവാചകൻ.

പഴയനിയമവും പുതിയനിയമവും പ്രവാചകശബ്ദത്താൽ മുഖരിതമാണ്. മുഖം നോട്ടം ഇല്ലാതെയുള്ള വിളിച്ചുപറച്ചിലാണ് അവന്റേത്. അനീതിക്കെതിരെ ആ ശബ്ദം എവിടെയും ഉയരും. ഉടമ്പടി ലംഘിക്കപ്പെടുമ്പോൾ അവൻ ജനത്തിന് മുന്നറിയിപ്പു നല്കും. ആ ശബ്ദത്തിന് മയമില്ല. രാജാവെന്നോ പ്രജയെന്നോ വ്യത്യാസമില്ല. കാരണം ഉള്ളിലെ ‘തിളയ്ക്കുന്ന’ പ്രചോദനം വിളിച്ചുപറയാനുള്ള ‘വിളിയാണ്’ പ്രവാചകന്റേത്. അവന്റെ വാക്കുകൾക്ക് മൂർച്ചയുണ്ട്.

A.W.Tazer എന്ന അമേരിക്കൻ വചനപ്രഘോഷകൻ പറയുന്നത് ശ്രദ്ധിക്കുക: “പ്രവാചകർ ഉദ്യോഗസ്ഥരല്ല, അതിനാൽത്തന്നെ അവരുടെ വാക്കുകൾ അനുരഞ്ജനത്തിന്റേതല്ല, തീർപ്പുകല്പിക്കലിന്റേതാണ്. അവിടെ ഭയത്തിനു സ്ഥാനമില്ല.”

നാഥാൻ എന്ന പ്രവാചകനെ നോക്കുക. എത്ര കണിശതയോടും നിർഭയത്തോടും കൂടിയാണ് അയാൾ പ്രവാചകശബ്ദം ഉയർത്തുന്നത്. രാജ്യവും രാജ്യത്തിലെ സകലവും രാജാവിന്റെ സ്വന്തമായിരുന്ന ഒരു കാലഘട്ടത്തിൽ ഒരു പടയാളിയുടെ ഭാര്യയെ സ്വന്തമാക്കുന്നത് അത്ര വലിയ തെറ്റൊന്നുമല്ല, എന്നിട്ടും അത് ദൈവകല്പനയ്ക്കു വിരുദ്ധമാണെന്ന തിരിച്ചറിവിൽ രാജാവ് നീചനാണെന്ന് നാഥാന് പറയാതിരിക്കാനാവുന്നില്ല (2 ശമു.12:7–12).

നാബോത്ത് എന്ന പാവം കർഷകന്റെ മുന്തിരിത്തോട്ടം തട്ടിയെടുക്കാൻ ഇസബേലിന്റെ നീചതന്ത്രം ഉപയോഗിക്കുന്ന ആഹാബിനു വരാൻപോകുന്ന വിധിയെപറ്റി എത്ര പരുക്കനായാണ് ഏലിയാവ് വിളിച്ചു പറയുന്നത് (1 രാജാ.21).

സഹോദരന്റെ ഭാര്യയെ സ്വന്തമാക്കിയ ഹേറോദിന്റെ ചെയ്തിയെ എത്ര കണിശമായാണ് സ്നാപകൻ വിമർശിക്കുന്നത്. സ്നാപകന്റെ വാക്കുകളിൽ തീയാണ് ആളുന്നത്.

അനാവശ്യനിയമങ്ങളുടെ നൂലാമാലയിൽ കുരുക്കി ജനങ്ങളെ പീഡിപ്പിക്കുന്ന മതമേലദ്ധ്യക്ഷന്മാർക്ക് എതിരെ ക്രിസ്തു ഉയർത്തുന്ന പ്രവാചക ശബ്ദം എത്ര തീവ്രമാണ് (മത്തായി 23).

കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വ്യാജപ്രവാചകന്മാർ അരങ്ങുതകർക്കുകയാണ്. പ്രവചനം എന്ന വാക്കുപോലും വല്ലാതെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. വേദപുസ്തകത്തിൽ എവിടെയും പ്രാധാന്യം നല്കാത്ത “ഭാവി പറച്ചിൽ” എന്ന പ്രതിഭാസത്തിലേക്ക് പ്രവചനങ്ങളും പ്രവാചകന്മാരും തരംതാണുകൊണ്ടിരിക്കുന്നു. ജനങ്ങൾ എന്നും യാഥാർത്ഥ്യം അംഗീകരിക്കാനും അഭിമുഖീകരിക്കാനും മടിക്കും. അതുകൊണ്ടുതന്നെ അവരുടെ അന്വേഷണം കുറുക്കുവഴികൾ തേടിയുള്ളതാണ്. ഈ യാത്രകൾ ചെന്നുനിൽക്കുന്നതാകട്ടെ ഭാവിയിൽ നല്ലതുവരും, എല്ലാം ശുഭമാകും എന്നു പറഞ്ഞു ആശ്വാസം വിൽക്കുന്ന സിദ്ധരുടെ പക്കലും. നൂറ്റാണ്ടുകൾക്ക് മുമ്പു തുടങ്ങിയ ഈ യാത്രകൾ ഇന്നും തുടരുകയാണ്. ജനം അന്വേഷിക്കുന്നതും ആഘോഷിക്കുന്നതും കണ്ണടച്ച് പ്രവചനങ്ങൾ നടത്തുന്നവരെയാണ്. കണ്ണുതുറന്ന് കണ്ട് പ്രശ്നങ്ങളെ വിളിച്ചുപറയുന്നവരെയല്ല. ഞാൻ വിദേശത്ത് പോകുമോ, എന്റെ ഭാര്യ പ്രസവിക്കുമോ, എനിക്കു ജോലികിട്ടുമോ, എന്റെ അയൽക്കാരൻ നശിക്കുമോ, എന്റെ കോഴി മുട്ടയിടുമോ എന്ന ചോദ്യവുമായി ഭാവി അറിയാൻ കാംക്ഷിക്കുന്നവർ നമ്മുടെയിടയിൽ വർദ്ധിച്ചുവരികയാണ്. അവർക്കുവേണ്ടി പ്രവചനങ്ങൾ നടത്തുന്നവരുടെ അടുക്കലേക്ക് ആളുകൾ ഓടിക്കൂടുകയാണ്. അതിന് ഉപയോഗിക്കുന്നതാകട്ടെ തെറ്റായി വ്യാഖ്യാനിക്കുന്ന വചനത്തിന്റെ പിൻബലവും.

കൊച്ചു കൃപാവരക്കാർ വലിയ കൃപാവരക്കാരാകാൻ പൗലോസിന്റെ ആഹ്വാനമനുസരിച്ച് പ്രവചനവരത്തിനായി തീക്ഷ്ണമായി പ്രയത്നിക്കുകയാണ് (1 കൊരി.14:5). പക്ഷെ പൗലോസ് അവിടെ ഉദ്ദേശിക്കുന്നത് ഭാവി പ്രവചിക്കാനുള്ള കഴിവല്ലായെന്ന് മനസിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

എല്ലാവരും പ്രവാചകർ ആണെന്നാണ് സാർത്രിന്റെ നിരീക്ഷണം. പക്ഷേ അതിനുവേണ്ടുന്ന വില നൽകാൻ മടിച്ച് സ്വയം തീർക്കുന്ന മഞ്ഞുഗുഹകൾക്കിടയിൽ ഹിമക്കരടി കണക്കേ സുഖമായി നിദ്രയിൽ ആണ്ടിരിക്കുകയാണ് നമ്മൾ. അതുകൊണ്ടുതന്നെയായിരിക്കണം പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചാൾസ് സ്പർഗിയോൺ എന്ന ബ്രിട്ടീഷ് പ്രസംഗകൻ ഇങ്ങനെ പറഞ്ഞത്: “നാം എല്ലാവരും അബോധാവസ്ഥയിൽ കഴിയുന്ന പ്രവാചകരാണ്.”

സഭയിലെയും സമൂഹത്തിലെയും ജീർണ്ണതകൾക്കെതിരെ പ്രവാചകശബ്ദം ഉയർത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. പ്രവാചകർ ഇല്ലാതാകുന്നതോടെ വീടും നാടും നഗരവും ദേശവും അധഃപതനത്തെ അഭിമുഖീകരിക്കുകയാണ്. കണ്ണുതുറന്ന് വചനവെളിച്ചത്തിൽ ലോകത്തെ നോക്കുകയെന്നതു മാത്രമാണ് നമ്മിലെ പ്രവാചകനെ ഉണർത്താനുള്ള ഏക മാർഗ്ഗം. കുഞ്ഞുങ്ങൾ ദൈവിക കാര്യങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകാതെ വളരുന്നത് കാണുമ്പോൾ, കോടികൾ മുടക്കി ആരാധനാലയം പണിയാൻ ചിട്ടവട്ടം കൂട്ടുമ്പോൾ, ദൈവജനം ആർഭാടത്തിൽ ആറാടുമ്പോൾ, പ്രാർത്ഥിക്കേണ്ട നേരത്ത് സീരിയലും സിനിമയും കണ്ടിരിക്കുന്നത് കാണുമ്പോൾ, അനുഗ്രഹങ്ങൾക്കും അത്ഭുതങ്ങൾക്കും പിന്നാലെ ജനം പായുന്നതു കാണുമ്പോൾ, സഭാനേതാക്കൾ അധർമ്മവും അനീതിയും പ്രവർത്തിക്കുന്നതുകാണുമ്പോൾ പ്രവചിക്കാൻ ധൈര്യം കാട്ടാത്തവനെയൊക്കെ പ്രവാചകൻ എന്ന് എങ്ങനെ വിളിക്കും?

പ്രവാചകന്റെ കടമ പ്രവാചികമാണ്. ശരിയായ വാക്ക് “നയിക്കുക” എന്നതാണ്. തെറ്റായ വാക്ക് “വശീകരിക്കുക” എന്നതും. വശീകരിച്ച് പണം ഉണ്ടാക്കുക എന്ന ഇന്നത്തെ പ്രവാചകന്റെ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. വർത്തമാന സുഖത്തിനുവേണ്ടിയുള്ള വേവലാതിയിൽ പ്രവാചകനെ തേടുന്ന ജനത്തിനു മുമ്പിൽ ജാഗ്രതയുടെ സ്വരങ്ങളാണ് പ്രവാചകനിൽനിന്ന് ഉയർന്നു കേൾക്കേണ്ടത്. പ്രവാചകൻ ദൈവത്തിന്റെ ശബ്ദമായി മാറേണ്ടവനാണ്. അവിടെ ഭയത്തിന് സ്ഥാനമില്ല. പക്ഷെ അവിടെയും ഒരു ചോദ്യം അവശേഷിക്കുന്നു. ദൈവത്തിന്റെ പ്രവാചകൻ എവിടെ?

This is The Word of God
Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st December 2015
Posted on 15, 16 December 2015
Posted at R.M.S. Kayamkulam




യേശുക്രിസ്തു ദൈവപുത്രനും മനുഷ്യപുത്രനുമായി നമുക്കിടയിൽ ജീവിച്ചു പുതിയ ആകാശവും പുതിയ ഭൂമിയും യാഥാർത്ഥ്യമാക്കി. മനുഷ്യരോടതു പങ്കുവെച്ചു. ഈ വഴിയെ വന്നാൽ ഞാൻ നിങ്ങളെ ദൈവപുത്രരാക്കാം എന്നുറപ്പിച്ചു പറഞ്ഞു. അതാണ് പുതിയ നിയമം. അതാകെ നൂറ്റൊന്നാവർത്തി കാച്ചിക്കുറുക്കിയാൽ കിട്ടുന്നത് സ്നേഹം എന്ന രണ്ടക്ഷരമാണ്. മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ; അതുപോലെ നിങ്ങൾ മറ്റുള്ളവരോട് പെരുമാറുക.

യേശുക്രിസ്തുവിന്റെ സ്നേഹമന്ത്രത്തിൽ നിന്ന് രൂപപ്പെട്ട ക്രിസ്ത്യാനികൾ യേശുക്രിസ്തുവിനെ പഠിക്കാൻ ഉണ്ടാക്കിയെടുത്ത ചിന്തയാണ് ക്രൈസ്തവ ദൈവശാസ്ത്രം. ഇന്ന് ക്രിസ്ത്യാനിയുടെ ആധാരശില ഈ ദൈവശാസ്ത്രമാണ്. അതിപ്രകാരമാണ്. ദൈവസൃഷ്ടികളിൽ ഏറ്റവും പ്രധാനം മനുഷ്യനാണ്. ആ മനുഷ്യൻ പാപം മൂലം ദൈവത്തിൽനിന്ന് അകന്നുപോയപ്പോൾ അവരെ ദൈവത്തിലേക്കു തിരിച്ചു കൊണ്ടുവരുവാൻ വേണ്ടി ദൈവം സ്വന്തം പുത്രനെ ലോകത്തിലേക്ക് അയച്ചു. മിശിഹ (രക്ഷകൻ) വന്ന് മനുഷ്യരെ രക്ഷിച്ചു. അങ്ങനെ ദൈവപരിപാലനം മനുഷ്യരക്ഷ മാത്രമായി തീർന്നു. ഇതാണ് ബൈബിളുമായി ലോകം മുഴുവൻ കീഴടക്കാൻ ക്രിസ്ത്യാനിക്ക് ആത്മവിശ്വാസം നൽകിയത്. ഈ ആധുനിക ദൈവശാസ്ത്രത്തിൽ തിയറി മാത്രമേയുള്ളു. സ്നേഹം, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, സഹനം, ത്യാഗത്തിലൂടെ പടുത്തുയർത്തേണ്ട ജീവിതത്തെ, ചെയ്തുതീർത്ത പ്രവർത്തിയും ചെയ്യേണ്ട പ്രവർത്തിയുമായി ദൈവശാസ്ത്രം വിശദീകരിച്ചപ്പോൾ തെളിയിക്കപ്പെടാൻ കഴിയാത്ത ഒരു സിദ്ധാന്തമായി അത് തള്ളപ്പെട്ടു. സ്നേഹം നഷ്ടപ്പെട്ടപ്പോൾ കാരമില്ലാത്ത ഉപ്പായി, വെളിച്ചമില്ലാത്ത വിളക്കായി. ആചാരങ്ങളും അനുഷ്ടാനങ്ങളുമായി ഒരു കർമ്മ മാർഗ്ഗമായി ക്രിസ്തുമാർഗ്ഗം അധഃപതിച്ചു.

അനന്തമായതിനെ അളക്കാൻ മനുഷ്യൻ കണ്ടെത്തിയ പരിമിതമായ അളവുകോലാണ് ശാസ്ത്രം. പ്രപഞ്ചത്തെ അളക്കാനും ഉൾക്കൊള്ളാനും അല്പായുസ്സായ മനുഷ്യന് ഇതുവരെ സാധിച്ചിട്ടില്ല. എന്നിട്ടാണ് ദൈവത്തെക്കുറിച്ച് പഠിക്കാനും പഠിപ്പിക്കാനും ദൈവശാസ്ത്രം ഉണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് ഈ ക്രിസ്മസ്കാലം പുതിയൊരു ദൈവശാസ്ത്രത്തെ സ്വപ്നം കാണാനുള്ള കാലമാണ് എന്നു ഞാൻ വിശ്വസിക്കുന്നത്.



വില്വമംഗലത്തിന്റെ കഥയോർമ്മയില്ലേ. ഒരു ദേവദാസിയെ ഭ്രമിച്ചുപോയ ആൾ കോരിച്ചൊരിയുന്ന ഒരു മഴരാത്രിയിൽ അവളെത്തേടിപ്പോവുകയാണ്. ഇടയ്ക്കൊരു കടത്തുണ്ട്. ഇരുളിൽ ഏതാണ്ട് ഊഹം വച്ച് അത് തുഴഞ്ഞ് മറുകരയിലെത്തി. പിന്നെ പുഴയിലേക്കതിനെ തള്ളിവിട്ടപ്പോൾ മനസ്സിലാക്കി. അത് വഞ്ചിയായിരുന്നില്ല. വെള്ളത്തിലൊഴുകുന്ന ഒരു മൃതദേഹമായിരുന്നുവെന്ന്! അവളുടെ വള്ളിക്കുടിലിലേക്ക് പിടിച്ചുകയറുമ്പോൾ അയാളറിഞ്ഞില്ല അത് ഒരു പാമ്പായിരുന്നെന്ന്. ദേവദാസിയുടെ ചിരിയിൽ ഒരു പരിഹാസം ഒളിപ്പിച്ചുവച്ചിട്ടുള്ളതായി അയാൾക്ക് തോന്നി. അവൾ പറഞ്ഞു: എന്നോടുള്ള പ്രണയത്താൽ നിങ്ങൾ ശവത്തെ വഞ്ചിയെന്ന് ധരിച്ചു. പാമ്പിനെ വള്ളിയെന്നും. അതിന്റെ പതിനായിരത്തിലൊന്ന് പ്രണയം നിങ്ങൾക്ക് നിങ്ങൾ നമസ്കരിക്കുന്നതിനോടുണ്ടായിരുന്നെങ്കിൽ എന്നേ ആത്മാവ് പരമപദം പൂകിയേനെ. ഗണികയുടെ വാക്കിന്റെ മിന്നലേറ്റ് അയാൾ ജ്വലിച്ചു. പണത്തിനും സ്ഥാനമാനങ്ങൾക്കും സുഖഭോഗങ്ങൾക്കും വേണ്ടി കാണിക്കുന്ന ആർത്തിയുടെയും അഭിനിവേശത്തിന്റേയും ഒരംശമെങ്കിലും സ്വർഗ്ഗരാജ്യം സംബന്ധിച്ച് ഉണ്ടോ എന്ന് പരിശോധിക്കേണ്ട സമയമാണിത്.



പ്രശസ്തമായ ആ മെക്സിക്കൻ കഥ ഓർക്കൂ. ടോമിലീയുടെ ത്രീ ബറിയൽസ് ഓഫ് മെൽക്യുയഡസ് എസ്ട്രാഡ (2005). കൊലചെയ്യപ്പെട്ട ഒരു നാടോടി. അയാളുടെ ആത്മസുഹൃത്തായ ഒരാൾ കൊലപാതകിയെക്കൊണ്ട് തന്നെ അയാളുടെ മൃതശരീരത്തെ സ്വന്തം ഊരിലെത്തിക്കാനുള്ള ശ്രമമാണ്. താൻ വിട്ടിട്ട് പോന്ന ദേശത്തെക്കുറിച്ചും തന്റെ ഭംഗിയുള്ള വീടിനെക്കുറിച്ചും എത്ര വാങ്മയചിത്രങ്ങളാണ് അവരുടെ സൗഹൃദ ഭാഷണങ്ങളിൽ എന്നും മുഴങ്ങിയിരുന്നത്. മൃതശരീരത്തെയും വച്ചുകൊണ്ടുള്ള ആ യാത്രയിൽ അതെല്ലാം കൂട്ടുകാരോർമ്മിച്ചെടുക്കുന്നുണ്ട്. ദുർഘടമായ ഒരു യാത്രയായിരുന്നു അത്. ഒടുവിൽ അവിടെയെത്തിയപ്പോഴാകട്ടെ അങ്ങനൊരു വീടോ ഭാര്യയോ കുഞ്ഞുങ്ങളോ തൊടിയോ അയാൾക്കില്ലെന്ന പച്ചയായ സത്യം! സ്വർഗ്ഗത്തെക്കുറിച്ച് സംസാരിക്കുകയും സ്വർഗ്ഗത്തിൽ നിക്ഷേപം ഇല്ലാതിരിക്കുകയും ചെയ്യുന്നവരുടെ സ്ഥിതി ഇതിൽ കൂടുതൽ എങ്ങനെ വ്യക്തമാക്കാനാണ്.

Culture is ordinary എന്ന റെയ്മണ്ട് വില്യംസിന്റെ ഒരു പ്രബന്ധമുണ്ട് (1958). സംസ്കാരമെന്ന് നാം വിശേഷിപ്പിക്കുന്ന എല്ലാം തന്നെ രൂപപ്പെടുത്തിയത് കുലീനരായ മനുഷ്യരായിരുന്നില്ല മറിച്ച്, സാധാരണക്കാരുടെ നടപ്പുരീതികളായിരുന്നുവെന്ന പ്രഖ്യാപനമാണ് അതിൽ. ദൈവ വചനത്തിന്റെ നടപ്പുരീതികളിലേക്ക് നാം പ്രവേശിക്കുമെങ്കിൽ ലോകത്തിന് മാതൃകയായ ഒരു സംസ്ക്കാരം രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് സാധിക്കും. ഇച്ഛാശക്തിയും തമ്പുരാന്റെ പൊൻകരങ്ങളുമുണ്ടെങ്കിൽ ആർക്കും അതിനാവും. ചില തീരുമാനങ്ങൾക്ക് ഇത് നല്ല സമയമാണെന്ന് തോന്നുന്നു. വേദപുസ്തകത്തിന്റെ ഭാഷയിൽ ഇതാണ് സ്വീകാര്യമായ സമയം.

## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺അനുഗ്രഹം അത്ഭുതം വിൽപ്പന ചരക്കാക്കി ലാഭം കൊയ്യുന്ന ഉപദേഷ്ടാക്കന്മാരെ എന്തു വിളിക്കണം.

*സിബി കുര്യൻ, തലക്കോട്, കോതമംഗലം, എറണാകുളം*

☹**മാർക്കറ്റിംഗ് ഉസ്താദ്**

☺ആത്മീയ നേതാക്കൾക്ക് പൊതുവിൽ മോണ, ത്വക്ക് രോഗങ്ങൾ കുറവാണെന്നതിനുകാരണം.

*വിജയൻ വെട്ടത്തോട്, ഓമല്ലൂർ, പുത്തൻപീടിക, പത്തനംതിട്ട.*

☹**വ്യാജവും വമ്പും വെടക്കു വർത്തമാനവും പറയുന്ന അവരുടെ വായിൽ ഒരു കീടത്തിനും ജീവിയ്ക്കാനാവില്ല. തൊലിക്കട്ടി കൂടുമെന്നതിനാൽ ത്വക്ക് രോഗങ്ങൾക്കും പിടിച്ചു നിൽക്കാനാവില്ല.**

☺നിങ്ങളുടെ പ്രാർത്ഥനകൊണ്ട് മാത്രമല്ല, ഞങ്ങളുടെ സംഗീതം കൊണ്ടും രോഗം മാറും.

*സി.ജയരാജ്, കുറ്റമല, അമ്പൂരി, വെള്ളറട*

☹ **ഇപ്പോഴത്തെ സംഗീതമാണെങ്കിൽ രോഗം വരാൻ അതുമതി.**

☺ മനുഷ്യരെക്കാൾ പട്ടികൾക്ക് വില കല്പിക്കുന്ന കേന്ദ്രമന്ത്രി. എന്തു ചെയ്താൽ അവരുടെ മനസു മാറും.

*ഷാനി അഗസ്റ്റിൻ, ഒഴുവൻപാറ, കാരിക്കുളം,റാന്നി*

☹**ഒരു കടിമതി**

☺ ആത്മീയതയുടെ മുഖംമൂടി അണിഞ്ഞ ആത്മീയ നേതാക്കളെ ഏതു വകുപ്പിൽ ഉൾപ്പെടുത്താം.

*സാജൻ വർഗ്ഗീസ്, മേക്കൊഴൂർ, മൈലപ്ര, പത്തനംതിട്ട*

☹**മുഖം നഷ്ടപ്പെട്ടവരുടെ വകുപ്പിൽ**

☺കൺവൻഷൻ പ്രസംഗം കഴിഞ്ഞിറങ്ങുമ്പോൾ നഷ്ടബോധം തോന്നുന്നതിനു കാരണം.

*വി.റ്റി.ഏബ്രഹാം, ജഗതി,തൈക്കാട്, തിരുവനന്തപുരം*

☹**വെറുതെ സമയം കളഞ്ഞതിന്റെ.**

☺തനിക്ക് പ്രായമായി എന്ന് ചിലരൊക്കെ പറയുന്നു. അതൊക്കെ വെറുതെയാണെന്ന് ഒരു സഭാനേതാവ്.

*റവ.ബന്നി ഫിലിപ്പോസ്,തുരുത്തമ്പലം, കുളക്കട, കൊട്ടാരക്കര*

☹**താനിപ്പോഴും ഒരു ഗിരിരാജനാണെന്ന കാര്യം തൽപ്പരകക്ഷികളുടെ അറിവിലേക്ക് പറഞ്ഞുവെന്നേയുള്ളു.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew